
# ദിനാരംഭം എപ്പോൾ ?

ഡോ. കോയക്കുട്ടി ഫാറൂഖി



# ദിനാരംഭം എപ്പോൾ ?



## ഡോ. കോയക്കുട്ടി ഫാറൂഖി

**Hijra Committee of India**
7/858 B, AWH Building, SM Street, Kozhikode 673 001
Kerala, India. Tel: 0495 2724007
www.hijracalendar.com, www.geocities.com/hijramooncalendar.
email: hijraindia@rediffmail.com

(malayalam)
**Dinarambam Eppol**

author
**Dr. Koyakutty farooqui**
Rtd. Prof. RUAC, Farook College
e mail: alfanar_kkf@yahoo.com

published by
**Hijra Committee of India**
7/858 B, AWH Building,
SM Street, Kozhikode 673 001
Kerala, India.
Tel: 0495 2724007
www.hijracalendar.com,
www.geocities.com/hijramooncalendar.
e mail: hijraindia@rediffmail.com

printed at
**printarts**, feroke Tel. 0495 2485210

cover & layout
ashker
hitech creative designers
chungam, feroke
9947414647

first edition
**Sept 2009**
Copies 2000

price
**Rs:30/-**

No part of this publication may be reproduced or transmitted in any form or by any means, without prior written permission of the publisher.

© all rights reserved to publishers

SL No:00 P 40 C 2000 9/2008 14.7BP/NS

## താളുകളിൽ

സമർപ്പണം ........ 04
അവതാരിക ........ 05
മുഖക്കുറിപ്പ് ........ 08
ദിനാരംഭം എപ്പോൾ? ........ 10
ദിനാരംഭം ശരീഅത്തിൽ ........ 12
നമസ്കാരങ്ങളും ദിനാരംഭവും ........ 15
മലക്കുകളുടെ സംഗമ സമയം ........ 17
ജുമുഅയും ദിനാരംഭവും ........ 18
നോമ്പ് പുലരിയുടെ കറുത്ത, വെളുത്ത ഇഴകൾ ........ 20
കല്യാണരാവും രാത്രിയും ........ 22
മുന്നൊരുക്ക രാവ് ........ 22
ലൈലത്തുൽ ഖദ്റും രാവും ........ 24
ലൈലും ലൈലത്തും യൗമും ........ 25
ദിനവൃത്തം സൂര്യാസ്പിദം ........ 27
ഹജ്ജും ദിനാരംഭവും ........ 29
രാവും സ്വഫായിൽ നിന്നുള്ള ആരംഭവും ........ 32
വിവിധ കർമ്മങ്ങളും ദിനാരംഭവും ........ 34
ഇണയും തുണയും ........ 35
പകലിന്റെ ഉറയായ രാത്രി ........ 36
രാത്രി വിശ്രമവേള ........ 37
പൊട്ടി വിടരുന്ന പ്രഭാതം ........ 39
പ്രഭാത, സന്ധ്യാ പ്രാർത്ഥനകളിൽ ........ 41
രാത്രി കണ്ട സ്വപ്നം ........ 44
നാളത്തെ നോമ്പ് ........ 45
ഇഅ്തികാഫിന്റെ ആരംഭം ........ 47
ധാരണ വന്ന വഴി ........ 48

## സമർപ്പണം

നൂറ്റാണ്ടുകളായി മുസ്‌ലിംകൾ തെറ്റുദ്ധരിച്ചിട്ടുള്ള ഒരാശയത്തെ ആധികാരികമായി തിരുത്തുവാനുള്ള ശ്രമമാണ് 'ദിനാരംഭം എപ്പോൾ' എന്ന ഈ കൃതി. ഇസ്‌ലാമിക ശരീഅത്തനുസരിച്ച് മനസ്സിലാക്കൽ അനിവാര്യമായ, ശ്രദ്ധേയമായ വിഷയമാണിതിലെ പ്രതിപാദ്യം. ഇസ്‌ലാമിലെ എല്ലാ ആരാധനകൾക്കും സമയ, കാല, സ്ഥല ബന്ധങ്ങളുണ്ട്. അതിന്റെ പവിത്രതാ ലംഘനം പാപവുമാണ്.

ചന്ദ്ര മാസ നിർണ്ണയത്തിൽ പ്രധാന പങ്കുവഹിക്കുന്ന അടിസ്ഥാനപരമായ അറിവാണ് ദിവസത്തിന്റെ തുടക്കം എവിടെ നിന്നാകണമെന്നത്. ദിനാരംഭം രാത്രി മുതൽ കണക്കാക്കണമെന്ന സങ്കൽപം ജൂതരും ക്രൈസ്തവരും അഥീനിയക്കാരും അവരെ പിന്തുടർന്ന പൗരാണിക അറബികളും വെച്ചു പുലർത്തിയിരുന്നു. ഇസ്‌ലാം അത് തിരുത്തിയിട്ടുണ്ട്. "രാത്രി പകലിന്റെ മുന്നോടിയല്ല" എന്ന് ഖണ്ഡിതമായി വിശുദ്ധ ഖുർആൻ(36: 40) പറയുന്നുണ്ട്.

യുഗങ്ങളിലൂടെ മുസ്‌ലിം ലോകം ഒഴുകി വന്നപ്പോൾ അടിസ്ഥാന വിശ്വാസമായ തൗഹീദിൽ പോലും അട്ടിമറികൾ നടന്നിട്ടുണ്ട്. പ്രഭാതത്തിൽ നിന്നാരംഭിക്കേണ്ട ദിനം സന്ധ്യയിൽ നിന്നു തുടങ്ങി. ഉദയത്തിൽ നോക്കി മാസം നിർണ്ണയിക്കേണ്ടത് അസ്തമയത്തിൽ ദർശിച്ച് തീരുമാനിച്ചു. ചന്ദ്രമാസ കലണ്ടറിനു പകരം സൗര കലണ്ടർ സാർവ്വത്രികമാക്കി. ഹിജ്റാ കലണ്ടർ അവഗണിച്ചു. ശാസ്ത്ര വിജ്ഞാനം പകർന്നു നൽകാൻ ബാധ്യസ്ഥരായവർ ശാസ്ത്ര വിരുദ്ധരായി. ഇങ്ങനെ അടിമുടി അബദ്ധ വഴികളിലവർ സഞ്ചരിച്ചു.

ബഹുമാന്യ പണ്ഡിതനും പ്രബോധകനും വാഗ്മിയും എഴുത്തുകാരനും പൊതു പ്രവർത്തകനുമായ ഡോ. കോയക്കുട്ടി ഫാറൂഖി ഈ കൃതിയിൽ ദിനാരംഭം ഇസ്‌ലാമിക ശരീഅത്തനുസരിച്ച് എപ്പോഴാണെന്ന കാര്യം സലക്ഷ്യം വിശദീകരിക്കുന്നുണ്ട്. ഞങ്ങളുടെ ആഗ്രഹം മനസ്സിലാക്കിയാണിത് രചിച്ചിട്ടുള്ളത്. ചെറുതെങ്കിലും വിഷയ ഗാംഭീര്യവും പ്രാധാന്യവും ആവശ്യകതയും വായനക്കാർക്ക് എളുപ്പത്തിൽ ബോധ്യപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.

കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിലും ഈ ഗ്രന്ഥ രചനക്കു കഠിനാദ്ധ്വാനം ചെയ്ത അദ്ദേഹത്തിനു അല്ലാഹു അനുഗ്രഹം ചൊരിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിനും ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരോട് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. സമുദായത്തിന്റെ സജീവ ചർച്ചക്കായി "ദിനാരംഭം എപ്പോൾ?" എന്ന ഈ ഗ്രന്ഥം സമർപ്പിക്കുകയാണ്. അല്ലാഹു നമ്മിൽ നിന്നിത് സ്വീകരിക്കുമാറാകട്ടെ.

ജനറൽ സെക്രട്ടറി
ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ, കോഴിക്കോട്

25 ശഅ്ബാൻ 1430 ഞായർ
16 ആഗസ്റ്റ് 2009





## അവതാരിക

ബഹുമാന്യ പണ്ഡിതനായ ഡോ. കോയക്കുട്ടി ഫാറൂഖി രചിച്ച 'ദിനാരംഭം എപ്പോൾ' എന്ന കൃതിക്ക് അവതാരിക എഴുതിത്തരണമെന്നദ്ദേഹം പറഞ്ഞപ്പോൾ ഞാനേറെ സന്തോഷത്തോടു കൂടിയാണ് ആ ദൗത്യം സ്വീകരിച്ചത്.

മുസ്‌ലിം സമുദായം പരക്കെ ധരിച്ചു വെച്ചിട്ടുള്ളത് ദിവസത്തിന്റെ ആരംഭം രാത്രി, അതായത് സൂര്യാസ്തമനത്തിന് ശേഷമാണെന്നാണ്. കണ്ടും കേട്ടും പരിചയിച്ച സാമ്പ്രദായിക രീതിയിൽ നിന്ന് ഭിന്നമായ ഒരഭിപ്രായം, അതെത്ര തന്നെ യുക്തി ഭദ്രവും ശാസ്ത്രീയവും വിശുദ്ധ ഖുർആനിനും തിരുസുന്നത്തിനും അനുസൃതമാണെങ്കിലും അതുമായി സമരസപ്പെട്ടു പോകുന്നതിൽ പൊതുവെ സമൂഹത്തിൽ വിമുഖതയാണ് കണ്ടുവരാറുള്ളത്. അന്ധമായ അനുകരണമാണ് ഇക്കാരത്തിൽ മുസ്‌ലിം സമുദായം പൊതുവെ സ്വീകരിച്ചു കണ്ടിട്ടുള്ളത്.

'ഇജ്തിഹാദ്' ദീനിന്റെ ആത്മാവാണെന്നാണ് സുപ്രസിദ്ധ ഇസ്‌ലാമിക ചിന്തകനും ദാർശനികനും കവിയുമായ ഇഖ്ബാൽ പറഞ്ഞത്. ഇജ്തിഹാദില്ലെങ്കിൽ ദീനില്ല എന്നദ്ദേഹം കൂട്ടിച്ചേർക്കുകയും ചെയ്തു. പ്രവാചക തിരുമേനി പറഞ്ഞു: " ഇജ്തിഹാദിൽ തെറ്റ് പറ്റിപ്പോയാൽ അയാൾക്ക് അല്ലാഹുവിങ്കൽ നിന്നും ഒരു പ്രതിഫലമുണ്ട്. ശരിയായാൽ രണ്ട് പ്രതിഫലവും".

ഗവേഷണത്തിനും ചിന്തക്കും വളരെയേറെ പ്രാധാന്യമാണ് ഇസ്‌ലാം നൽകിയിട്ടുള്ളത്. ധിഷണയെ തട്ടിയുണർത്താനുള്ള നിരന്തരമായ ആഹ്വാനമാണ് ഖുർആൻ നൽകുന്നത്. അജ്ഞതയിലും അന്ധകാരത്തിലും മുഴുകി ജീവിച്ചിരുന്ന ഒരു ജനപഥത്തെ വിശ്വോത്തരമായ ഒരു സംസ്കൃതിയുടെ കൊടുമുടിയിലേക്കുയർത്തിയത്

ഇഖ്റഅ് എന്ന ഖുർആനിന്റെ ആദ്യത്തെ വെളിപാടും വിജ്ഞാനം കരസ്ഥമാക്കേണ്ടതിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞുകൊണ്ടുള്ള പ്രവാചക വചനങ്ങളുമാണ്. ഇജ്തിഹാദിന്റെ വാതിൽ കൊട്ടിയടക്കുകയും തഖ്ലീദ് എന്ന അന്ധമായ അനുകരണത്തിന്റെ തടവറയിൽ മുസ്‌ലിം സമുദായത്തെ തളച്ചിടുകയും ചെയ്യൽ എന്ന് തുടങ്ങിയോ, അന്നുമുതൽ മുസ്‌ലിം സമുദായത്തിന്റെ അധഃപതനത്തിന്റെ നാന്ദി കുറിക്കുകയായിരുന്നു.

സമുദായത്തിന്റെ വിനഷ്ടമായ പ്രതാപവും സൗഭാഗ്യവും വൈജ്ഞാനികവും ധൈഷണികവുമായ മേഖലയിലുള്ള മികവും വീണ്ടെടുക്കണമെങ്കിൽ ചിന്താപരമായ മുരടിപ്പിൽ നിന്ന് മുക്തമായി ഗവേഷണത്തിന്റെയും ശാസ്ത്ര സാങ്കേതിക വിദ്യയുടെയും മേഖലയിലേക്ക് സമുദായം കടന്നുവന്നേ പറ്റൂ. ഇസ്ലാമിക നവോത്ഥാന നായകരായ ശൈഖ് ഇബ്നു തൈമിയ്യ, മുഹമ്മദ് ബ്നു അബ്ദുൽ വഹാബ്, മുഹമ്മദ് അബ്ദു, റഷീദ് രിളാ, ജമാലുദ്ദീൻ അഫ്ഗാനി, ഷാ വലിയ്യുല്ലാഹിദ്ദഹ്ലവി തുടങ്ങിയ ഒട്ടേറെ മഹാരഥന്മാർ തഖ്ലീദിന്റെ തടവറയിൽ നിന്ന് മുസ്ലിം സമുദായത്തെ മോചിപ്പിച്ച് ഇജ്തിഹാദിന്റെ വാതായനങ്ങൾ മലർക്കെ തുറന്ന് ചിന്താപരമായ ഒരു മഹാ വിപ്ലവത്തിന്ന് തിരി കൊളുത്തിയവരായിരുന്നു. നല്ലൊരളവോളം അത് ഫലം കാണുകയും ചെയ്തു. പക്ഷെ, ഇന്നും തഖ്ലീദിന്റെ പ്രേതം സമുദായത്തെ വേട്ടയാടിക്കൊണ്ടിരിക്കുന്നു എന്നതാണ് സത്യം. ജനാബ് കോയക്കുട്ടി ഫാറൂഖിയാകട്ടെ നവോത്ഥാന നായകന്മാരുടെ പാതയിൽ സഞ്ചരിച്ച് സമുദായത്തിന്റെ ചിന്തയെ തട്ടിയുണർത്തി ഇരുട്ടിൽ നിന്നും സത്യത്തിന്റെ വെള്ളിവെളിച്ചത്തിലേക്ക് സമുദായത്തെ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്.

ദിനാരംഭം എപ്പോൾ എന്നതിന് ഖുർആൻ തന്നെ വേണ്ടത്ര സൂചന നൽകുന്നുണ്ട്. വിശുദ്ധഖുർആനിലെ 36-ാം അദ്ധ്യായം 40-ാം വചനത്തിലെ 'രാവ് പകലിന്റെ മുന്നോടിയല്ല' എന്ന ഭാഗം ഉദ്ധരിച്ചുകൊണ്ട് കോയക്കുട്ടി ഫാറൂഖി ദിനാരംഭം എപ്പോൾ എന്ന ചോദ്യത്തിന്ന് യുക്തിഭദ്രവും മേലുദ്ധരിച്ച ഖുർആൻ വചനത്തിനുസൃതവുമായ ഒരു മറുപടി നൽകുന്നു. ചില പരിഭാഷകളിൽ ഈ വചനത്തിന് രാത്രി പകലിനെ മറികടക്കുകയില്ലെന്നാണ് കൊടുത്തിട്ടുള്ളത്. യൂസുഫലിയുടേതടക്കം മിക്ക ഇംഗ്ലീഷ് പരിഭാഷകളിലും Nor can the night outstrip the day എന്നാണ് പ്രസ്തുത വചനത്തിന് മൊഴിമാറ്റം ചെയ്തിട്ടുള്ളത്. Outstrip എന്ന പദത്തിന് മുൻകടക്കുകയെന്നാണർത്ഥം. ഗ്രന്ഥകർത്താവ് നൽകിയിട്ടുള്ള മൊഴിമാറ്റം ഇംഗ്ലീഷ് പരിഭാഷകളിൽ നൽകിയിട്ടുള്ള അർത്ഥത്തിന് യോജിച്ചു പോകുന്നതാണ്. അദ്ദേഹം തന്റെ നിഗമനത്തിന് ഉപോൽബലകമായി ഖുർആനിൽ നിന്നും ഹദീസുകളിൽനിന്നും നിരവധി ഉദ്ധരണികൾ നമ്മുടെ മുമ്പിൽ നിരത്തിവെക്കുന്നുണ്ട്. നിഷ്പക്ഷമായി ചിന്തിക്കുന്ന





വർക്ക് അദ്ദേഹത്തിന്റെ വാദഗതികളിൽ പഴുത് കണ്ടെത്താൻ പ്രയാസമാണ്. രാത്രിയിൽ നിന്നാണ് ദിനാരംഭം എന്നതിന്ന് എപ്പോഴും ഉന്നയിക്കാറുള്ള എല്ലാ വാദഗതികളും അദ്ദേഹം പരിശോധിക്കുകയും അവയെല്ലാം തന്നെ ഖുർആനിന്റെയും ഹദീസിന്റെയും മാത്രമല്ല, യുക്തിയുടെയും സാമാന്യ ബോധത്തിന്റെയും അടിസ്ഥാനത്തിൽ ഖണ്ഡിച്ചുകൊണ്ട് പ്രഭാതം മുതലാണ് ദിനാരംഭം കുറിക്കുന്നതെന്ന തന്റെ വീക്ഷണം ശക്തിയായി അവതരിപ്പിക്കുകയും ചെയ്യുന്നു. പകലിനെ ജീവിതായോധനത്തിനുള്ള വേളയായും രാത്രിയെ വിശ്രമവേളയായും ഖുർആൻ വിശേഷിപ്പിക്കുന്നതും ഒരുദിവസത്തിലെ നമസ്കാരത്തിന്റെ ആരംഭം സുബഹിയാണെന്നതും മറ്റു പ്രധാന ആരാധനകളെല്ലാം പ്രഭാതത്തോടുകൂടിയാണ് തുടങ്ങുന്നതെന്നും ഈ വിഷയത്തിലേക്ക് വെളിച്ചം വീശുന്ന വസ്തുതകളാണെന്ന അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോട് യോജിക്കാതിരിക്കാൻ നിഷ്പക്ഷമതികൾക്ക് കഴിയുകയില്ല.

ഡോ.കോയക്കുട്ടി ഫാറൂഖി ഹിജ്റ കലണ്ടറിനെകുറിച്ചും ചന്ദ്രമാസപ്പിറവിയെ കുറിച്ചും എഴുതിയ ഗ്രന്ഥങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതാണ്. സാമ്പ്രദായിക വീക്ഷണത്തിൽ നിന്ന് ഭിന്നമായ അഭിപ്രായങ്ങളെ തെളിവിന്റെയും യുക്തിയുടെയും മാനദണ്ഡം വെച്ച് വിലയിരുത്തുന്നതിന് പകരം ഒരു പ്രതികാര മനോഭാവത്തോടെ വിമർശനത്തിന് വിധേയമാക്കുന്ന രീതിയാണ് കണ്ടുവരാറുള്ളത്. ഈ സമീപനം സമുദായത്തിന്റെ വളർച്ചക്കും പുരോഗതിക്കും സഹായിക്കുകയില്ല. വിമർശനങ്ങൾ ആരോഗ്യപരവും നല്ല ഫലങ്ങൾ സൃഷ്ടിക്കാൻ ഉതകുന്നതുമാണെങ്കിൽ എപ്പോഴും സ്വാഗതാർഹമാണ്. അന്ധമായ വിമർശനങ്ങളാകട്ടെ, സമുദായത്തെ സത്യത്തിന്റെ പ്രകാശത്തിലേക്ക് കൊണ്ടുവരാറുള്ള ശ്രമങ്ങൾക്ക് വിലങ്ങ് തടിയാവുകയേ ഉള്ളൂ. ഡോ. കോയക്കുട്ടി ഫാറൂഖിയുടെ മികച്ച തൂലികയിൽ നിന്ന് ഇനിയും ഏറെ പഠനാർഹമായ രചനകളും സംഭാവനകളും വെളിച്ചം കാണട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും മുൻവിധി കൂടാതെ ഈ ഗ്രന്ഥം വായിച്ചുവിലയിരുത്തുവാൻ എല്ലാവരോടും അഭ്യർത്ഥിച്ചുകൊണ്ടും ഈ ഹൃസ്വകൃതി ബഹുജന സമക്ഷം സമർപിച്ചു കൊള്ളുന്നു.

**ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ. കൊച്ചി**

# മുഖക്കുറിപ്പ്

മുസ്ലിം ലോകത്തിന്ന് ഹിജ്റ 5,6 നൂറ്റാണ്ടുകൾക്ക് ശേഷമുണ്ടായ ചിന്താമരവിപ്പിന്റെയും അന്ധമായ അനുകരണങ്ങളുടെയും ഫലമായി പല അടിസ്ഥാന വിഷയങ്ങളിലും ഭീമമായ തെറ്റിദ്ധാരണകളുണ്ടായിട്ടുണ്ട്. മുസ്ലിം ലോകം കുരിശു യുദ്ധങ്ങളുടെ കെടുതികൾ വേണ്ടതിലധികം അനുഭവിച്ചപ്പോൾ അനേകം നന്മകൾ അവർക്ക് നഷ്ടപ്പെട്ടു. മുസ്ലിം ശാസ്ത്ര ലോകം പടുത്തുയർത്തിയ ശാസ്ത്ര പുരോഗതികളും വൈജ്ഞാനിക സംഭാവനകളും യൂറോപ്യർ കവർന്നെടുത്തു. പിന്നീട് അതിന്റെയെല്ലാം ഉടമകൾ അവരായി ചമഞ്ഞു. അവരുടെ ലോക മേധാവിത്വത്തിൽ മുസ്ലിം ലോകം പകച്ചുനിന്നു. പലതിലും മുസ്ലിംകളുടെ വളർച്ച മുരടിച്ചു, എന്നു മാത്രമല്ല തകർച്ച നേരിടുകയും ചെയ്തു. ലോകത്ത് എവിടെയും മുസ്ലിംകൾ പിന്തള്ളപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്തു. അജ്ഞതയും അന്ധകാരവും അവരെ വിഴുങ്ങി. അന്യ മതങ്ങളുടെ സ്വാധീനത്താൽ ഇസ്ലാമിന്റെ തനിമ ഉൾകൊണ്ട മുസ്ലിംകൾ വിരളമായി. ശാസ്ത്രത്തിന്റെയും നാഗരികതയുടെയും ലോക ജേതാക്കളും നേതാക്കളുമായിരുന്ന മുസ്ലിം സമൂഹം ശാസ്ത്ര വിരുദ്ധരും വിജ്ഞാന ശത്രുക്കളുമായി മാറിയതിൽ അത്ഭുതമില്ല. നഷ്ടപ്പെട്ടുപോയ പ്രതാപം തിരിച്ചു പിടിക്കാൻ ഭഗീരഥ യജ്ഞംതന്നെ ആവശ്യമാണ്. ലോകാടിസ്ഥാനത്തിൽ ഇക്കാര്യം കുറച്ചൊക്കെ പതുക്കെയെങ്കിലും മുസ്ലിം ലോകം മനസ്സിലാക്കിയിട്ടുണ്ട് എന്നത് മാത്രമെ ആശ്വാസകരമായിട്ടുള്ളൂ.

ഈ ചെറു പുസ്തകത്തിൽ പ്രതിപാദിക്കുന്ന ദിനാരംഭം എപ്പോൾ എന്നതും മുസ്ലിംകളുടെ നഷ്ടപ്രതാ





പത്തിലെ ഒരു വിഷയമായി ഈ ഗ്രന്ഥകാരൻ കാണുന്നു. ഇവ്വിഷയകമായി പഠിക്കുകയും ചിന്തിക്കുകയും പ്രമാണങ്ങൾ പരിശോധിക്കുകയും ചെയ്തപ്പോൾ ദിനാരംഭം സന്ധ്യ മുതലാണെന്ന ധാരണ ഭീമാബദ്ധവും പ്രമാണ വിരുദ്ധവുമാണെന്ന് ബോധ്യമായി. ശാസ്ത്രവിചാരം മാസികയിൽ ഇക്കാര്യം ചില ലേഖനങ്ങളിലൂടെ എഴുതുകയുണ്ടായി. എവിടെനിന്നും കാര്യമായ എതിർപ്പുകൾ രേഖാപരമായി ഇതുവരെയും കണ്ടില്ല. അപ്പോൾ പൂർണ്ണമായും ബോധ്യമായ ചിന്താശകലങ്ങൾ മുസ്ലിം പണ്ഡിതരും പഠിതാക്കളും ചിന്തകന്മാരും മതപ്രബോധകരും നേതാക്കളുമായവരുടെ സജീവപരിഗണനക്ക് സമർപിക്കുകയാണ് ഈ കൃതിയിലൂടെ.

എത്രയും വേഗത്തിൽ ഈ വിഷയം ജനശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ടെന്ന് തോന്നി. ഇത്തിരി തിരക്കുകൾക്കിടയിൽ ഇത്രയും കാര്യങ്ങൾ സമാഹരിച്ചു. പഠനവും ചിന്തയും എല്ലാവരിലും ഇനിയും ആവശ്യമാണ്. പ്രത്യേകിച്ച് പണ്ഡിതന്മാരിൽ. അവരിക്കാര്യത്തിൽ വാശിയും നിഷേധാത്മകനയവും സ്വീകരിക്കാതെ തുറന്ന മനസ്സോടെ വിശകലനം ചെയ്യുവാൻ ഒരുങ്ങണമെന്ന് ആശിക്കുന്നു. സുബദ്ധങ്ങളും അബദ്ധങ്ങളും മനുഷ്യസഹജമാണ്. അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കുന്നവരോട് കടപ്പെട്ടവനായിരിക്കും ഈ ഉള്ളവൻ. ദൈവപ്രീതിയും നന്മയും മാത്രം കാംക്ഷിച്ചുകൊണ്ട് ഈ പുസ്തകം മുസ്ലിം സമുദായത്തിന് സമർപിക്കുകയാണ്. അല്ലാഹു ഇത് സൽകർമമായി സ്വീകരിച്ച് പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ.

**ഡോ. കോയക്കുട്ടി ഫാറൂഖി**
**അൽ ഫനാർ, ഫാറൂഖ് കോളേജ്- 673 632**
**കോഴിക്കോട്, കേരള.**

# ദിനാരംഭം എപ്പോൾ ?

*ദി*വസാരംഭം എപ്പോഴാണെന്നത് ഒരു ചിന്താവിഷയമാണ്. ഏതു വിധത്തിൽ കണക്കാക്കിയാലും പ്രശ്നമില്ലെന്നാണ് പലരുടെയും ധാരണ. അത് ശരിയല്ല. ആകാശ ഭൂമികൾ സൃഷ്ടിക്കുകയും രാപ്പകലുകൾ നിർണ്ണയിക്കുകയും ചെയ്ത സ്രഷ്ടാവിന്റെ ശ്രദ്ധയിൽ ഈ വിഷയം അജ്ഞാതമല്ലല്ലോ. ഇതു കൃത്യമായി എങ്ങനെയായിരിക്കണമെന്ന് ഇസ്ലാം നിഷ്കർഷിച്ചിട്ടുണ്ട്. ഇന്ന് ലോക ജനത പല വിധത്തിൽ ദിവസാരംഭത്തെ കണക്കാക്കി വരുന്നു. പൗരാണിക ബാബിലോണിയക്കാർ, പാഴ്സികൾ, ഗ്രീക്കുകാർ, എന്നിവരൊക്കെ സൂര്യോദയം മുതൽ സൂര്യോദയം വരെ എന്ന രീതിയിൽ പൗര ദിനമായി കണക്കാക്കി. ഉച്ച മുതൽ ഉച്ചവരെ എന്നതായിരുന്നു പൂർവ്വകാല ഈജിപ്തുകാരുടെ നിഗമനം. ജൂതരം, ക്രൈസ്തവരും, അഥീനിയക്കാരും കണക്കാക്കുന്നത് സൂര്യാസ്തമനത്തോടെ ദിനമാരംഭിക്കുന്നുവെന്ന സങ്കൽപമാണ്. 'വൈദികദിന' മെന്ന പവിത്രതയും അതിനവർ കൽപ്പിച്ചു. ആധുനികർ പാലിച്ചു വരുന്ന അർദ്ധ രാത്രിയിൽ തുടങ്ങുന്ന ദിനാരംഭമാണിന്നു നിലനിർത്തി വരുന്നത്.

എന്നാൽ ഇസ്ലാമിൽ, വിശുദ്ധ ഖുർആനിന്റെ ശാസ്ത്രീയമായ കാഴ്ചപ്പാടിലും ഇസ്ലാംമത കർമ്മ മേഖലകളിലും പ്രകൃതി നിയമമനുസരിച്ചും ദിനാരംഭം കണക്കാക്കേണ്ടത് പ്രഭാതം-ഫജ്റ്-മുതൽ എന്ന വിധത്തിലാണ്. ഓരോ പ്രദേശത്തെയും സൂര്യോദയത്തിനു മുമ്പ് 22 അര ഡിഗ്രിയിൽ സുര്യൻ നിൽക്കുന്ന, സൂര്യന്റെ ഒന്നാമത്തെ 'പ്രവേശന ചായ്‌വ്' (دلوك الشمس എന്ന് ഖുർആൻ വിവക്ഷിക്കുന്ന) ന്റെ തുടക്കമാണ് ദിനാരംഭമായി കണക്കാക്കേണ്ടത്. ഇസ്ലാമിൽ നിശ്ചയിച്ചിരിക്കുന്ന എല്ലാ ആരാധനാ കർമ്മങ്ങൾക്കും തുടക്കം കുറിക്കുന്നത് പ്രഭാത സമയം മുതലാണ്. അതു തന്നെയാണ് ദിവസാരംഭമായി അല്ലാഹു നിശ്ചയിച്ചിട്ടുള്ളതെന്നാണ് മനസ്സിലാകുന്നത്. മുസ്ലിംകൾ അനുവർത്തിക്കേണ്ടതും ഇതുതന്നെയാണ്.





വി.ഖുർആൻ 36-ാം അദ്ധ്യായം (യാസീൻ) നാൽപതാം വചനം വ്യക്തമായി പ്രസ്താവിക്കുന്നത് കാണുക.

لَا ٱلشَّمْسُ يَنۢبَغِى لَهَآ أَن تُدْرِكَ ٱلْقَمَرَ وَلَا ٱلَّيْلُ سَابِقُ ٱلنَّهَارِ
وَكُلٌّ فِى فَلَكٍ يَسْبَحُونَ ﴿٤٠﴾

**'സൂര്യന് ചന്ദ്രനെ പ്രാപിക്കുക അസാധ്യമത്രെ. രാവ് പകലിന്റെ മുന്നോടിയുമല്ല. എല്ലാം നിർണ്ണിതമായ അതിന്റെ ഭ്രമണപഥത്തിൽ നീന്തുകയാണ്.' (36:40)**

സൂര്യൻ ചന്ദ്രനെ മറികടക്കാതെ എന്നും ചന്ദ്രന്റെ പിന്നിൽ മാത്രം വരിക എന്ന സംവിധാനം പോലെ, രാവ് പകലിനെ മറികടക്കാതെ പകലിന്റെ പിന്നിൽ രാവ് വരികയുള്ളുവെന്നു സംശയ രഹിതമന്യേ അല്ലാഹു വ്യക്തമാക്കുകയാണിവിടെ. മറ്റു ചില തെറ്റായ ധാരണകളാലും കൃത്യമായ ശാസ്ത്രീയ ജ്ഞാനത്തിന്റെ അഭാവത്താലും മുസ്ലിംകളും ഇത് വേണ്ട വിധം ഗൗനിച്ചിട്ടില്ലെന്നു തോന്നുന്നു. വിശുദ്ധ ഖുർആനിനു വ്യാഖ്യാനമെഴുതിയിട്ടുള്ള അനേകം വ്യാഖ്യാതാക്കളിൽ ആരും ഈ ആശയത്തിനെതിരിൽ എഴുതിയിട്ടുമില്ല.

# ദിനാരംഭം ശരീഅത്തിൽ

ഇസ്‌ലാമിക ശരീഅത്തനുസരിച്ച് ഒരു വിശ്വാസി ഓരോ ദിവസത്തിലും ചെയ്യേണ്ട കർമ്മങ്ങൾ നിർണ്ണയിക്കാൻ ദിവസത്തെ കണക്കാക്കേണ്ടതുണ്ട്. അത് ഫജ്ർ മുതൽ ഫജ്ർ വരെ എന്നതാണെന്ന് നാം വിശദമാക്കി. എന്നാൽ ദിനാരംഭത്തിന്റെ വിവിധ വീക്ഷണങ്ങൾ ശാസ്ത്രീയമായി മനസ്സിലാകാത്തവർ ഉപരിപ്ലവമായ വിമർശനങ്ങൾ ഉന്നയിച്ച് ശാസ്ത്ര ചിന്തയുള്ളവരെ പരിഹസിക്കാറുണ്ട്. ദിനാരംഭം വ്യത്യസ്ത സമയങ്ങളിലാണെന്നു മാറ്റി മാറ്റി പറയുന്നവർ എന്നാണ് ആരോപണം. വിഷയങ്ങൾ വസ്തുതാപരമായി പഠിക്കാതെ, സന്ദർഭങ്ങളിൽ നിന്നടർത്തിയെടുത്ത വാചകങ്ങൾ എടുത്തുദ്ധരിച്ച് നിരർത്ഥകമായ വാദങ്ങൾ അണി നിരത്തുകയാണ് അത്തരക്കാർ പലപ്പോഴും.

സൂര്യനെ അപേക്ഷിച്ച് ഭൂമി ഒരു തവണ സ്വഭ്രമണം നടത്തുന്ന ഏകദേശം 24 മണിക്കൂർ (കൃത്യമായി 23മണിക്കൂർ, 56 മിനുട്ടും ഏതാനും സെക്കന്റുകളും) സമയമാണ് ഒരു ദിവസമെന്നത്. ഒരു ദിനത്തിന്റെ ആരംഭം ഭൂമിക്ക് മൊത്തത്തിൽ കണക്കാക്കേണ്ടതുണ്ട്. ഭൂമിയിലെ ഏതു സ്ഥലത്തു നിന്നും ഇതു കണക്കെടുക്കാമെങ്കിലും ഇത് അടയാളപ്പെടുത്തുവാൻ മനുഷ്യർ ഒരു നിശ്ചിത സ്ഥലം നിർണയിച്ചിട്ടുണ്ട്. പസിഫിക് മഹാ സമുദ്രത്തിലൂടെ നിർണയിക്കപ്പെട്ടിട്ടുള്ള International Date Line-ആഗോള ദിനമാറ്റ രേഖ- ആണ് ഇന്നു ലോകം അതിന്നായി നിർണയിച്ചിട്ടുള്ളത്. മനുഷ്യരുണ്ടായ കാലം മുതൽ ലോകത്തിന്റെ കിഴക്കും പടിഞ്ഞാറും അനേകായിരം വർഷങ്ങളായി വേർതിരിക്കപ്പെട്ടു പാലിച്ചു വരുന്ന മേഖലയാണിത്. മതപരമായി മുസ്‌ലിംകളുടെ ഖിബ്‌ലയുടെ ദിശ മാറുന്നതും അവിടെയാണ്. അവിടത്തെ കിഴക്കു ഭാഗത്ത് വസിക്കുന്ന മുസ്‌ലിംകൾ വ്യാഴാഴ്ചയുടെ നട്ടുച്ച സമയത്ത് ളുഹ്ർ നമസ്കാരം നിർവ്വഹിക്കുന്ന അതേ സമയത്ത് തൊട്ടടുത്ത പടിഞ്ഞാറു ഭാഗത്തുള്ളവർ വെള്ളിയാഴ്ചയുടെ ജുമുഅയാണ്





നിർവ്വഹിക്കുന്നത്. ലോകം പാലിച്ചു വരുന്ന ദിവസം മാറുന്ന മേഖലയും ഇവിടെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത് ലോകത്താർക്കും എനി മാറ്റാനാകില്ല. ഈ IDLനു മുകളിൽ നട്ടുച്ചയിൽ സൂര്യനെത്തുമ്പോൾ കീഴെ വസ്തുക്കൾക്ക് യാതൊരു നിഴലുമില്ലാത്ത സമയത്തെ കൃത്യമായ അളവായെടുക്കുന്നു. ലോകത്തിന്റെ Zero സമയം(00.00) അതാണ്. ഈ അളവിനു മാത്രമെ സമയ കൃത്യത നൽകാൻ കഴിയൂ. ഇതാണ് Universal Time(UT) ആഗോളസമയം. (ഇതിനെ നേരത്തെ GMT എന്നാണ് ശാസ്ത്ര ലോകം പ്രയോഗിച്ചിരുന്നത്. ഇപ്പോൾ UT എന്നാണ് ഉപയോഗത്തിലുള്ളത്). ഭൂഗോളാടിസ്ഥാനത്തിൽ ഭൂമിയുടെ ഒരു ദിനം ആരംഭിക്കുന്നത് സാങ്കേതികമായി ഉച്ചയ്ക്കാണ് എന്നു പറയുന്നത് അതുകൊണ്ടാണ്.

ഭൂലോകത്തിലെ മനുഷ്യരുടെ ആഭ്യന്തരാവശ്യങ്ങൾ നിർവ്വഹിക്കുമ്പോൾ രാപ്പകലുകളുള്ള ദിനവൃത്തം(Civil day) നിർണ്ണയിക്കേണ്ടത് അനിവാര്യമാണല്ലോ. അതനുസരിച്ച് വാച്ചുകളും കലണ്ടറുകളും തയ്യാറാക്കണം. ലോക വിനിമയങ്ങൾ നടക്കണം. അതിന്നായി യൂറോപ്യന്മാർ IDLനെ അടിസ്ഥാനമാക്കി അതിന്റെ നേരെ വിപരീത ദിശയിലുള്ള ലണ്ടനിലെ ഗ്രീനിച്ച് രേഖ മാനദണ്ഡമാക്കി സമയം നിർണയിച്ചു. ഈ പ്രാദേശിക ദിനമാറ്റ മേഖലയുടെ അടിത്തറയായ IDLലെ നട്ടുച്ച സമയത്തെ കണക്കാക്കി ലണ്ടനിലെ അർദ്ധ രാത്രിയെ ദിനമാറ്റമായി തീരുമാനിച്ചു. 24 മണിക്കൂറുകളുള്ള ഒരു ദിവസത്തെ ഏതാണ്ട് 12 മണിക്കൂറുകളുടെ AM, PM എന്നിങ്ങനെ ഭാഗിക്കുകയും ചെയ്തു. ഇതടിസ്ഥാനമാക്കിയാണ് ലോക കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. അതിനാലാണ് അർദ്ധരാത്രിയിൽ ദിനാരംഭം എന്ന സങ്കൽപം ലോകം പുലർത്തി വരുന്നതും പറഞ്ഞു വരുന്നതും. ഈ വീക്ഷണത്തിൽ ദിനാരംഭം അർദ്ധ രാത്രിയാണെന്നും പറയാം. ഇത് അംഗീകരിക്കുന്നവർ ഓരോ പ്രദേശത്തെയും അർദ്ധരാത്രിയിൽ. അവരുടെ ദിനമാറ്റമായി കണക്കാക്കിവരുന്നു. ഇതിനെ Standard Time (പ്രാദേശിക സമയം) എന്നും വിവക്ഷിക്കുന്നു.

ഇനി ഓരോ പ്രദേശത്തും സൂര്യോദയവും അസ്തമനവും സംഭവിക്കുന്നുണ്ടല്ലോ. അവിടങ്ങളിൽ പ്രാദേശികമായി സൂര്യോദയം മുതൽ ദിനാരംഭമായി അനുഭവപ്പെടുകയും കണക്കാക്കുകയും ചെയ്യുമ്പോൾ അവിടത്തെ അസ്തമയം വരെ പകലും ശേഷം രാത്രിയും അടുത്ത ഉദയത്തിൽ ദിനാരംഭവും എന്ന് മറ്റു ചിലർ വിഭജിക്കുന്നു. അപ്പോൾ

സാങ്കേതികമായി സൂര്യോദയം മുതൽ ദിനാരംഭം എന്ന് പറയുകയാണ്.

മുസ്‌ലിംകൾക്ക് നമസ്കാര സമയം നിർണയിക്കാൻ അല്ലാഹു ആജ്ഞാപിച്ചിട്ടുള്ളത് സൂര്യന്റെ ചായ്‌വുകളെയാണല്ലോ. സൂര്യോദയ മുന്നോടിയായുണ്ടാകുന്ന ഫജ്റുസ്വാദിഖ് മുതൽ ഒരു ദിനത്തിലെ ഒന്നാമത്തെ നമസ്കാര സമയം ആസന്നമാകുന്നു. സൂര്യൻ പ്രാദേശികമായ ഉച്ചിയിൽ നിന്ന് തെറ്റുമ്പോൾ- സവാൽ-ളുഹ്റും,. വീണ്ടും സൂര്യൻ ചാഞ്ഞു വസ്തുവിനു നീണ്ട നിഴലുണ്ടാകുമ്പോൾ അസ്വ്റും, സൂര്യന്റെ മറ്റൊരു ചായ്‌വായ അസ്തമനത്തോടെ മഗ്‌രിബും, സൂര്യൻ പൂർണമായും പ്രാദേശിക ചക്രവാള സീമയിൽ നിന്നു കൂടി കടന്നു പോയി ചക്രവാളത്തിൽ ഇരുട്ട് വ്യാപിക്കുന്ന- ഗ്വസഖുല്ലൈൽ- എത്തിയാൽ അഞ്ചാം നമസ്കാരമായ ഇശാഉം(വിശുദ്ധ ഖുർആൻ 17:78 കാണുക)നിർണ്ണയിക്കുന്നു. രാത്രിയിലെ ഐച്ഛിക നമസ്കാരമായ വിത്റിന്റെ അന്ത്യ സമയം ഫജ്റിനു തൊട്ടു മുമ്പ് അവസാനിക്കുന്നു. വരുന്ന അധ്യായങ്ങളിൽ വിവരിക്കുന്ന പോലെ നോമ്പിന്റെ തുടക്കം ഒടുക്കം, ഹജ്ജ് കർമ്മങ്ങളുടെ എല്ലാ ദിനത്തിലെയും ആരംഭങ്ങൾ, ഇതെല്ലാം കണക്കിലെടുത്താൽ ഇസ്‌ലാമിക ശരീഅത്തിൽ മുസ്‌ലിംകൾ അവരുടെ ദിനാരംഭമായി കണക്കിലെടുക്കേണ്ടത് ഫജ്ർ മുതൽ ഫജ്ർ വരെ എന്നതായതിനാൽ ഫജ്റിന്നാകുന്നു ദിനാരംഭമെന്ന് മനസ്സിലാക്കാവുന്നതാണ്.

ഇത്തരം വിവക്ഷകൾ ശാസ്ത്രീയമായും മതകീയമായും കൃത്യമായി മനസ്സിലാക്കാതെ 'ഉച്ചക്കും അർദ്ധരാത്രിയിലും സൂര്യോദയത്തിലും ഫജ്റിലും ദിനാരംഭം' എന്ന് മാറ്റി മാറ്റി നിർണയിക്കുന്നുവെന്ന് അവിവേകാക്ഷേപം പറയുന്നവർ വിഷയം യഥാവിധി പഠിക്കുകയാണ് വേണ്ടതെന്നുണർത്തുകയാണ്.





# നമസ്കാരങ്ങളും ദിനാരംഭവും

ഇസ്‌ലാമിലെ ഏറ്റവും സുപ്രധാന ആരാധന അഞ്ചു നേര നമസ്കാരങ്ങളാണ്. ഒരു ദിവസത്തെ ഒന്നാമത്തെ നമസ്കാരം ഫജ്ർ (സുബ്ഹ്) നമസ്കാരമാണല്ലോ. അതിന്റെ ആരംഭ സമയം ഫജ്റുസ്സാദിഖ് (ഉന്മപ്രഭാതം) മുതലാണ്. സൂര്യോദയത്തിനു മുന്നോടിയായുള്ള അതിന്റെ ഒന്നാം പ്രവേശന ചായ്‌വിലാണ് പ്രഭാതം വന്നു ചേരുന്നത്. രണ്ടാമത്തേത് നട്ടുച്ചയിൽ നിന്ന് സൂര്യൻ തെറ്റുമ്പോൾ നിർവ്വഹിക്കുന്ന ളുഹ്ർ നമസ്കാരം. പിന്നെയും ഭൂമി 45 ഡിഗ്രിയോളം കറങ്ങിക്കഴിയുമ്പോൾ സൂര്യന്റെ മൂന്നാം ചായ്‌വിലെത്തുന്നു. അപ്പോൾ അസ്വ്റ് (സ്വലാത്തുൽ വുസ്വത്വാ-മധ്യ നമസ്കാരം) സമയമായി.

'സ്വലാത്തുൽ വുസ്ത്വാ' അസ്വ്ർ നമസ്കാരമാണെന്നതിനു അനേകം കുറ്റമറ്റ പ്രവാചക വചനങ്ങളുണ്ട്. ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അസ്വ്ർ ആണ് മധ്യ നമസ്കാരമെന്ന് ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. അഞ്ചിന്റെ തുടക്കം സുബ്ഹ് ആയാൽ മധ്യം അസ്വ്ർ തന്നെയാണ്. അഞ്ചാമത്തേത് ഇശാഉം. നബി വ്യക്തമാക്കിയതിന്റെ പൊരുളും അതുതന്നെ.

സൂര്യാസ്തമനത്തോടെ മഗ്‌രിബ് നമസ്കാരം. ഇത് സൂര്യന്റെ നാലാമത്തെ ചായ്‌വാണ്. പിന്നെയും ഏതാണ്ട് $22^1/_2$ ഡിഗ്രി കൂടി കഴിയുമ്പോൾ പകലെന്ന പ്രതിഭാസം സമ്പൂർണ്ണമായവസാനിച്ച് ഇരുട്ടു വന്നു ചേർന്നു. അപ്പോൾ 'ഇശാഅ്' നമസ്കാരവുമായി. രാത്രി അതിന്റെ സർവ്വ ഭാവങ്ങളോടെ ആഗതമായിക്കഴിഞ്ഞാൽ മനുഷ്യരും ജീവ ജന്തുക്കളുമെല്ലാം ആ ദിവസത്തിന്റെ അന്ത്യം വരെ വിശ്രമിക്കാൻ -ഉറങ്ങാൻ -തുടങ്ങുന്നു. എന്നാൽ ഭക്തരായ ദൈവ ദാസൻമാർ ഉറക്കമിളച്ച് നിശാനമസ്കാരം-തഹജ്ജുദ് (വിത്ർ) ഐച്ഛികമായി നിർവ്വഹിക്കുന്ന പക്ഷം ഫജ്റിനു തൊട്ടുമുമ്പുള്ള സമയം വരെ നമസ്ക്കരിക്കുന്നു. പ്രവാചകൻ അരുളിയ പോലെ ഒരു ദിനത്തിലെ അവസാന ഒറ്റ നമസ്കാര

**മായ വിത്ർ** നിർവ്വഹിക്കുന്നു. ഇബ്നുഉമർ(റ) പറയുന്നു:

من صلى من الليل فليجعل آخر صلاته وترا فان رسول الله (صلعم) كان يأمر بذلك.

فاذا كان الفجر فقد ذهب كل صلاة الليل و الوتر (فتح البارى ٣–٥٥٧)

**"രാത്രിയിൽ നമസ്കാരം നിർവഹിക്കുന്നവന്റെ അവസാനത്തേത് വിത്വ്ർ ആയിരിക്കട്ടെ. നബി(സ) അങ്ങനെ കൽപിച്ചിട്ടുണ്ട്. ഫജ്ർ ആയിക്കഴിഞ്ഞാൽ രാത്രി നമസ്കാരങ്ങളും വിത്റും എല്ലാം കഴിഞ്ഞുപോയി. (ഫത്ഹുൽ ബാരി 3/557)."** അതോടെ ആ ദിവസം അവസാനിച്ചു. ഫജ്ർ ആകുന്നതോടെ പുതിയ ദിവസവുമായി, പുതിയൊരു മനുഷ്യനായി ഓരോരുത്തരും എഴുന്നേൽക്കുന്നു. ദൈവത്തോട് ആ സമയം പ്രാർത്ഥിക്കാൻ പ്രവാചകൻ പഠിപ്പിച്ചു.

الحمد لله الذى أحيانا بعد ما أماتنا واليه النشور. (البخارى)

**'ഉറക്കമാകുന്ന മരണശേഷം (പുതിയൊരു ദിനത്തിലേക്കായി) എന്നെ ഉണർത്തി ജീവിപ്പിച്ച നാഥന് സർവ്വ സ്തുതികളും. അവങ്കലേക്കു തന്നെ  അന്തിമ മടക്കവും'**(ബുഖാരി).

നമസ്കാരങ്ങളുടെ സമയ നിർണ്ണയം സൂര്യന്റെ ഈ ചായ്‌വുകൾക്ക് അനുസൃതമായിരിക്കണമെന്ന് വി.ഖുർആൻ പറയുന്നു.

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمْسِ إِلَىٰ غَسَقِ ٱلَّيْلِ وَقُرْءَانَ ٱلْفَجْرِ ۖ
إِنَّ قُرْءَانَ ٱلْفَجْرِ كَانَ مَشْهُودًا ﴿٧٨﴾

**"സൂര്യന്റെ ചായ്‌വുകൾക്കനുസൃതമായി രാത്രി ഇരുട്ടുന്നതു വരെയുള്ള സമയങ്ങളിലായി നീ നമസ്കാരം കൃത്യതയോടെ നിർവ്വഹിച്ചു പോരുക. പ്രഭാത വേളയിലെ ഖുർആൻ പാരായണം ചെയ്തുകൊണ്ടുള്ള നമസ്കാരവും സുപ്രധാനമാണ്. ഫജ്റിലെ പാരായണം സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു." (വി.ഖു: 17:78)**

അപ്പോൾ വിത്ർ നമസ്കാരത്തിന്റെ അന്ത്യ സമയത്തിനും ഫജ്റിനുമിടയിലാണ് ഒരു ദിവസത്തിന്റെ 'സമയമാറ്റ രേഖ' എന്നു വ്യക്തമാകുന്നു. ഒരു ദിവസത്തിന്റെ സാക്ഷാൽ പകലിന്റെ സമയ പരിധിക്കകത്താണ് അഞ്ചുനേര നമസ്കാരങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് എന്ന് കാണാം. പകലിന്റെ പരിധിയാകട്ടെ ഫജ്ർ മുതൽ ഷഫഖിന്റെ (ഇശാഅ് നമസ്കാര സമയം) തുടക്കം വരെയാകുന്നു. മഹാനായ ഇബ്നു ദുറൈദിനോട് ഖലീലുബ്നു അഹ്മദ് പകലിന്റെ പരിധി





ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു:

فقال: من الفجر المستطير الى بداءة الشفق (فتح البارى ٣–٥٥٨)

**ഫജ്ർ മുതൽ നീണ്ട് പോയി ഷഫഖിന്റെ ആരംഭം വരെയാകുന്നു പകലിന്റെ പരിധി. (ഫത്ഹുൽ ബാരി 3/558).**

ആരാധനകൾ കഴിഞ്ഞ് വിശ്രമത്തിന്റെ രാത്രി പകലിന്റെ പിന്നിലായി വരുന്നു എന്ന് വ്യക്തമാക്കുകയാണിവിടെ.

# മലക്കുകളുടെ സംഗമ സമയം

ഒരു ദിവസത്തിന്റെ അന്ത്യവും അടുത്ത ദിവസത്തിന്റെ തുടക്കവും എപ്പോഴെന്നു വ്യക്തമാക്കുന്ന നബിവചനം കാണുക.

وتجتمع ملائكة الليل وملائكة النهار فى صلاة الفجر (فتح البارى ٦٤٨)

**"രാത്രിയുടെ മലക്കുകളും പകലിന്റെ മലക്കുകളും ഫജ്ർ നമസ്കാരവേളയിൽ ഒരുമിച്ചുകൂടുന്നു." (ബുഖാരി ഹ:ന: 648).**

വിവിധ ഉത്തരവുകൾ നടപ്പിലാക്കാനായി ഓരോ ദിവസവും വരുന്ന അല്ലാഹുവിന്റെ ഉദ്യോഗസ്ഥന്മാരായ മലക്കുകളുടെ പോക്കു വരവുകളുടെ സംഗമ സമയമാണ് ഫജ്ർ എന്ന് ഇവിടെ വ്യക്തമാക്കുന്നു. ഒരു ദിവസത്തിലെ മനുഷ്യ കർമങ്ങളുടെ രേഖകൾ മലക്കുകൾ കൈമാറുന്ന വേള ഫജ്റാണ് എന്നാണിവിടെ വിശദീകരിക്കുന്നത്. ഇതിൽ നിന്ന് വ്യക്തമാകുന്ന വസ്തുത, ഒരു ദിവസത്തിന്റെ അന്തിമ സമയവും തുടക്കസമയവും ഫജ്റിലാണെന്ന് തന്നെയാണ്. ഫജ്റ് നമസ്കാരത്തിൽ ഇരുവിഭാഗം മലക്കുകളും ഒരുമിച്ചശേഷം അവരവരുടെ ജോലികളിലേക്ക് വ്യാപൃതരാകുന്നു.

# ജുമുഅയും ദിനാരംഭവും

മറ്റൊരു ദിനാരംഭ അവലംബവും ദൃഷ്ടാന്തവുമാണ് ആഴ്ചയിലൊരിക്കൽ നിർവ്വഹിക്കപ്പെടുന്ന ജുമുഅ നമസ്കാരം. ലോകത്ത് ആദ്യമായി വെള്ളിയാഴ്ചയിലെ ജുമുഅ നമസ്കരിക്കുന്നവർ പസഫിക് മഹാ സമുദ്രത്തിലൂടെ കടന്നുപോകുന്ന അന്തർ ദേശീയ ദിനമാറ്റ രേഖ (I D L- INTERNATIONAL DATE LANE) യുടെ പടിഞ്ഞാറുള്ള പ്രദേശക്കാരാണ്. മറ്റു ദിനങ്ങളിൽ നിന്ന് വേർതിരിയുന്ന വെള്ളിയാഴ്ചയിലെ ആ ഉച്ച സമയത്ത്, ഒൻപതു മണിക്കൂർ പിന്നിലുള്ള നമസ്കാരത്തിന്റെ അഖില ലോക ഖിബ്‌ല നിലക്കൊള്ളുന്ന മക്കയിൽ അപ്പോൾ വെള്ളിയാഴ്ച ദിവസത്തിന്റെ 'ഫജ്ർ 'സമയമായിരിക്കും. അതു പോലെ ലോകത്ത് ജുമുഅ: അവസാനമായി നമസ്കരിക്കുന്നത് IDL നു കിഴക്കുള്ള പ്രദേശക്കാരാണ്.

ഖിബ്‌ലയിൽ നിന്ന് 15 മണിക്കൂർ അകലെയുള്ള അവരുടെ ജുമുഅ സമയത്ത് മക്കയിൽ വെള്ളിയാഴ്ച അവസാനിക്കുന്ന ഫജ്റിനു മുമ്പുള്ള അന്തിമ സമയത്തിലുമായിരിക്കും. ചുരുക്കത്തിൽ ലോക മുസ്‌ലിംകൾ 24 മണിക്കൂറിനുള്ളിൽ ഖിബ്‌ലയെ കേന്ദ്രീകരിച്ചു വെള്ളിയാഴ്ച ദിവസത്തിൽ തന്നെ ജുമുഅ: നമസ്കാരം നിർവ്വഹിച്ചു തീർക്കുന്നു. ഈ മഹാ ദൃഷ്ടാന്തത്തിലൂടെയും ഫജ്ർ മുതലാണ് ദിവസം ആരംഭിക്കേണ്ടതെന്നു ബോധ്യമാകുന്നു.





അല്ലാഹുവിന്റെ ഈ ആസൂത്രണ വ്യവസ്ഥ അൽഭുതാവഹമാണ്. വി.ഖുർആൻ പ്രത്യേകമായി എടുത്തുപറഞ്ഞ (വി.ഖു. 62:9) ജുമുഅ നമസ്കാരത്തിന്റെ വചനം ഇതിന്റെ വ്യക്തമായ ഒരു ദൃഷ്ടാന്തം കൂടിയാണ്. മേൽ ഖുർആൻ സൂക്തത്തിന്റെയും പ്രകൃതി ദൃഷ്ടാന്തത്തിന്റെയും ആരാധനയിലെ ഈ ക്രമീകരണത്തിന്റെയും അടിസ്ഥാനത്തിൽ ദിനാരംഭം ഫജ്റ് മുതലാണ് കണക്കാക്കേണ്ടതെന്ന് സുതാര്യമായും ബോധ്യപ്പെടുന്നു. നമസ്കാരമല്ലാത്ത മറ്റാരാധനകളിലും ഇതേ ക്രമീകരണം തന്നെ കാണാം.

# നോമ്പ് പുലരിയുടെ

# കറുത്ത, വെളുത്ത ഇഴകൾ

***മു***സ്‌ലിംകളുടെ സുപ്രധാനമായ നമസ്കാര സമയ നിർണ്ണയാടിസ്ഥാനത്തിൽ ദിനാരംഭം പ്രഭാതം മുതലാണെന്ന് നാം കണ്ടു. ഇസ്‌ലാമിലെ ആരാധനാ കർമങ്ങളിൽ സുപ്രധാനമായ വ്രതാനുഷ്ഠാന സമയ നിർണ്ണയം പരിശോധിച്ചാലും ഈ യാഥാർത്ഥ്യം കൂടുതൽ വ്യക്തമാകുമെന്നതാണ് അടുത്ത തെളിവ്. ഒരു ദിനത്തിലെ നോമ്പാരംഭിക്കുന്നതിനെക്കുറിച്ചു വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നു.

وَكُلُوا۟ وَٱشْرَبُوا۟ حَتَّىٰ يَتَبَيَّنَ لَكُمُ ٱلْخَيْطُ ٱلْأَبْيَضُ مِنَ ٱلْخَيْطِ ٱلْأَسْوَدِ مِنَ ٱلْفَجْرِ ۖ ثُمَّ أَتِمُّوا۟ ٱلصِّيَامَ إِلَى ٱلَّيْلِ

**"നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊൾക. പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞു കാണുമാറാകുന്നതുവരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ നോമ്പ് പൂർണ്ണമാക്കുക". (അൽബഖറ. 187)**

ശഅബാൻ മാസം മാറി. അടുത്ത മാസം റമളാൻ പിറന്നു. ഒന്നാം തിയ്യതി നോമ്പാരംഭിക്കുന്നു. നോമ്പിന്റെ അനുഷ്ഠാനം പകൽ മുഴുവനുമാണ്. അതിന്റെ ആരംഭം നമസ്കാരത്തിലെ ഒന്നാം നമസ്കാരം തുടങ്ങിയ സമയം-ഫജ്റുസ്സ്വാദിഖ് (ഉൺമപ്രഭാതം) മുതൽ തുടങ്ങുന്നു. ഒന്നാം തിയ്യതിയിലെ പകൽ തീർന്നു. ഒന്നാമത്തെ വ്രതം പൂർത്തിയായി. അന്നേ രാത്രിയിൽ സുന്നത്തു നമസ്കാരത്തിൽ ശ്രദ്ധ ചെലുത്താൻ പ്രവാചകൻ ശക്തിയായി നിർദ്ദേശിക്കുന്നു.





من قام رمضان ايمانا و احتسابا غفر له ما تقدم من ذنبه (البخاري)

**"റമളാനിലെ രാത്രിയിൽ വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും നമസ്കരിക്കുന്നവന്റെ പാപങ്ങൾക്കു പൊറുതിയുണ്ട്"(ബുഖാരി).**

തിങ്കളാഴ്ചയും വ്യാഴാഴ്ചയും മറ്റു ദിവസങ്ങളിലുമുള്ള പ്രത്യേക ഐച്ഛിക നോമ്പുകളെടുക്കുന്നവരും പ്രഭാതം മുതൽ നോമ്പാരംഭിക്കുന്നു. അവസാനിപ്പിക്കുന്നത് അന്നത്തെ രാത്രിയാകുമ്പോൾ.

**സംശയങ്ങൾ**

ഇവിടെ ചിലർക്കൊരു സംശയമുദിക്കുന്നു. റമളാൻ നോമ്പ് പ്രഭാതത്തിൽ ആരംഭിക്കാമെങ്കിലും തലേ 'രാവിൽ' തറാവീഹ് നമസ്കാരം ആരംഭിക്കുന്നില്ലേ? അതിനാൽ രാത്രി കൊണ്ടാണ് ദിനമാരംഭിക്കുന്നതെന്ന്.

**മറുപടി.** 1. വിശുദ്ധ ഖുർ ആൻ യാസീൻ അദ്ധ്യായത്തിലെ 40-ാം വചനമായ "സൂര്യന് ചന്ദ്രനെ പ്രാപിക്കുക അസാദ്ധ്യമെത്രെ. രാത്രി പകലിന്റെ മുന്നോടിയുമല്ല". (36:40) എന്നു പറഞ്ഞതു തന്നെയാണ് ഇവിടെയും പ്രധാന തെളിവ്.

**2.** വളരെ ബാലിശമായ ഒരു കുതർക്കമാണിത്. എല്ലാ കാലത്തും രാത്രി നമസ്കാരമുണ്ട്. തറാവീഹ്, ഖിയാമുല്ലൈൽ, വിത്ർ, തഹജ്ജുദ്, ഖിയാമു റമളാൻ എന്നൊക്കെ വിവിധ നാമങ്ങളിൽ ആ നമസ്കാരം വിളിക്കപ്പെടുന്നുവെന്നേയുള്ളൂ. റമളാൻ ആരംഭിക്കുന്നതിന്റെ മുന്നൊരുക്കമായി അത്താഴത്തിനൊരുങ്ങാനും പുതിയ മാസത്തിലെ ഒന്നാം തിയ്യതിയെ സമുചിതമായി സ്വാഗതം ചെയ്യാനുമുള്ള 'മുന്നൊരുക്കരാവ്' എന്നു മാത്രമെ അന്നുതന്നെ രാത്രി നമസ്കാരം ആരംഭിക്കുന്നതിലുമുള്ളൂ.

മാത്രമല്ല, മാസപ്പിറവി സ്ഥിരീകരണത്തോടെ ഒന്നാമത്തെ നോമ്പാരംഭിക്കുന്ന ദിവസരാവിൽ തന്നെ നബി(സ)യോ സ്വഹാബിമാരോ തറാവീഹ് ജമാഅത്തായി നമസ്കരിച്ചു എന്നതിന് പ്രാമാണികമായ യാതൊരു തെളിവുമില്ല എന്നതും ശ്രദ്ധേയമാണ്. വിശുദ്ധഖുർആൻ പറഞ്ഞ 'പകലിന്റെ മുന്നോടിയല്ല രാത്രി' എന്ന വചനത്തെ ഖണ്ഡിക്കാൻ ഇത്രയും ദുർബലമായ ന്യായം ഉദ്ധരിക്കുന്നതു തന്നെ അജ്ഞതയാണ്.

## കല്യാണ രാവും രാത്രിയും

**ക**ല്യാണം തിങ്കളാഴ്ചയാണെങ്കിൽ ഞായറാഴ്ച രാത്രിയെ കല്യാണ രാവെന്ന് പറയുന്നതുപോലെയുള്ള സംഭാഷണ പ്രയോഗത്തിൽ മാത്രമെ മേൽ പറഞ്ഞത് കണക്കാക്കേണ്ടതുള്ളൂ. രാവല്ല രാത്രി. മലയാളത്തിലെന്നപോലെ EVE എന്നാണ് ഇംഗ്ലീഷിൽ രാവിനെ വിശേഷിപ്പിക്കുക. രാത്രിയെ Night എന്നാണ് പറയുക. ഒരു ദിവസത്തിന്റെ പകലിനു ശേഷം വരുന്ന ആ ദിവസത്തിന്റെ ബാക്കിയാണ് മലയാള ഭാഷയിലെ രാത്രി. തിങ്കളാഴ്ച രാത്രി എന്നാൽ ഞായറാഴ്ച അസ്തമിച്ച ശേഷമുള്ള രാത്രിയല്ലല്ലോ മാലോകരും ഉദ്ദേശിക്കുന്നത്?

## മുന്നൊരുക്ക രാവ്

ചന്ദ്ര മാസത്തിലെ ഒന്നാം തിയ്യതിയിലെ ഒന്നാം നോമ്പ് തുടങ്ങുന്നതിന്റെ മുന്നൊരുക്കരാവ് പോലെ, ശവ്വാൽ ഒന്നാം തിയ്യതിയിലെ ഈദുൽ ഫിത്വറിനും മുന്നൊരുക്കങ്ങൾ ആവശ്യമായതിനാൽ അന്നത്തെ രാവിനെ പിറ്റേ ദിവസത്തേക്കുള്ള പെരുന്നാൾ രാവെന്ന് വിവക്ഷിക്കുന്നു.

അതുകൊണ്ടാണ് റമള്വാൻ അവസാനിച്ച ദിനത്തിലെ രാത്രിയിൽ ജമാഅത്തായുള്ള ഐഛിക നമസ്കാരത്തേക്കാൾ പ്രാധാന്യമുള്ള പെരുന്നാൾ ഒരുക്കങ്ങൾക്ക് തയ്യാറെടുക്കുന്നത്. അതിനാൽ ജമാഅത്തായുള്ള തറാവീഹ് മാറ്റിവെച്ചത്  ആ രാത്രി പിറ്റേ ദിവസത്തിന്റെ തുടക്കമായത് കൊണ്ടല്ല. ആഴ്ചപ്പെരുന്നാളായ ജുമുഅ ദിവസത്തിന്റെ മുന്നൊരുക്കമായി വ്യാഴാഴ്ച അസ്തമിച്ച ശേഷമുള്ള രാത്രിയെയും കണക്കാക്കുന്നു. വരാനിരിക്കുന്ന സുപ്രധാന കർമങ്ങളുടെ മുന്നൊരുക്കങ്ങൾ ജാഗ്രതയോടെയാകാനുള്ള തയ്യാറെടുപ്പ് സമയഘട്ടമാണ് രാവെന്നതിന്റെ വിവക്ഷ. അല്ലാതെ സാക്ഷാൽ രാത്രിയല്ല അത്. പ്രവാചക വചനങ്ങളിൽ ഉദ്ധരിക്കപ്പെടുന്ന ഇത്തരം പ്രയോഗങ്ങൾ ചൂണ്ടിക്കാണിച്ച് രാത്രിയാണ് പകലിന്റെ മുന്നോടി എന്നു പറയുന്നത് നിരർത്ഥകമായ വാദമാകുന്നു എന്നു ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണ്. തർക്കിച്ചാൽ ബോധ്യപ്പെടുകയുമില്ല.

*സംശയം:* വിശുദ്ധ ഖുർആനിൽ അനേകം സ്ഥലങ്ങളിൽ

**الليل والنهار (രാവും പകലും)** എന്നാണ് പ്രയോഗമുള്ളത്. അതിനാൽ രാത്രിയാണ് ആദ്യമുണ്ടാകേണ്ടതെന്ന തീരെ ബാലിശമായ ഒരഭിപ്രായവും ചില പണ്ഡിതന്മാർ പോലും ഉന്നയിക്കുന്നുണ്ട്.!

**മറുപടി.** ഏതു ഭാഷയിലും ഇത്തരം പ്രയോഗങ്ങൾ നിരവധിയുള്ളതായി കാണാം. രാവും പകലും, സഹോദരീ സഹോദരന്മാർ,





ഇണയും തുണയും എന്നിത്യാദി പ്രയോഗങ്ങൾ ഉദാഹരണമായി കാണുക. ഇംഗ്ലീഷിൽ ലേഡീസ് ആന്റ് ജെന്റിൽ മെൻ, ഹിന്ദിയിൽ ബഹനോം ഔർ ബായിയേം എന്നൊക്കെ വിവിധ ഭാഷകളിൽ പറഞ്ഞാൽ പുരുഷൻമാരെക്കാൾ സ്ത്രീക്കു സ്ഥാനം നൽകി എന്നോ സ്ത്രീയാണ് ആദ്യം ജനിച്ചത് എന്നൊന്നും അർത്ഥമില്ലല്ലോ. ഭാഷയിലെ കൗതുകകരമായ ആലങ്കാരിക പ്രയോഗങ്ങൾ മാത്രമാണവ. ഇതു മനസ്സിലാക്കാതെ ചിലർ വിമർശിക്കുന്നത് ശരിയല്ല.

ഭൂവന പ്രശസ്ത ഭാഷാ പണ്ഡിതനായ 'അബൂ മൻസൂർ അസ്സആലബി' യുടെ **فقه اللغة واسرار العربية** 'അറബി ഭാഷാ രഹസ്യ വിജ്ഞാന ശാസ്ത്രം' എന്ന ഗ്രന്ഥത്തിൽ "മുൻ പിൻ പദ പ്രയോഗങ്ങളുടെ സ്ഥാന നിർണ്ണയ വ്യവസ്ഥ" എന്ന ഒരദ്ധ്യായം തന്നെ കാണാം. അതിൽ അദ്ദേഹം നിരവധി ഉദാഹരണങ്ങൾ കൊടുത്തിട്ടുണ്ട്.

يَـٰمَرْيَمُ ٱقْنُتِى لِرَبِّكِ وَٱسْجُدِى وَٱرْكَعِى مَعَ ٱلرَّٰكِعِينَ ﴿٤٣﴾

**"മറിയമിനോട് അല്ലാഹു കൽപ്പിച്ചു. ഓ മറിയം, നീ നിന്റെ നാഥനോട് ഭക്തി കാണിക്കൂ. സുജൂദും റുകൂഉം ചെയ്യുന്നവരോടൊന്നിച്ച് അത് നിർവ്വഹിക്കൂ." (വി. ഖു. ആലു ഇംറാൻ 43).**

ഈ സൂക്തത്തിൽ സുജൂദ് ചെയ്യുന്നതിനെ ആദ്യം പറഞ്ഞതാകയാൽ റുകൂഇനേക്കാൾ ആദ്യം സുജ്ജൂദ് വേണമെന്നർത്ഥത്തിലല്ലല്ലോ.

മറ്റൊരുദാഹരണം അദ്ദേഹം ഉദ്ധരിക്കുന്നു.

وَهُوَ ٱلَّذِى خَلَقَ ٱلَّيْلَ وَٱلنَّهَارَ وَٱلشَّمْسَ وَٱلْقَمَرَ ۖ

**"അല്ലാഹുവത്രെ രാത്രിയേയും പകലിനേയും സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചത്" (വി. ഖു. അൽ അമ്പിയാഅ്: 33).**

ഇവിടെ രാത്രിയെ ആദ്യം പറഞ്ഞതിനാൽ രാത്രിയാണ് ആദ്യമെന്ന് ധരിക്കരുത്. ഇത്തരം ഭാഷാ പ്രയോഗം അനേകമാണ്. ശേഷം അദ്ദേഹം അറബി കവികളായ ഹസ്സാനുബ്നു സാബിത്തിന്റെയും, സലത്വാനുൽ അബ്ദിയുടെയും കവിതകളിൽ വന്ന ഇത്തരം പ്രയോഗങ്ങൾ എടുത്തുദ്ധരിക്കുന്നുമുണ്ട്. (ഫിഖ്ഹുലുഗ. പേജ്. 240/സആലബി കാണുക.)

ചുരുക്കത്തിൽ, വിശുദ്ധ റമള്വാനിലെ വ്രതാനുഷ്ഠാനം നിർവ്വഹിക്കുന്നതിലെ സമയ നിർണ്ണയത്തിൽ നിന്നും ദിവസത്തിന്റെ ആരംഭം ഉന്മ പ്രഭാതം മുതലാണെന്നു ബോധ്യമാകുന്നു.

# ലൈലത്തുൽ ഖദ്റും രാവും

*വി*ശുദ്ധ റമളാനിലെ ഒറ്റയായ ദിവസത്തിൽ വരാമെന്ന് നബി(സ) പറഞ്ഞ ലൈലത്തുൽ ഖദ്റിനെച്ചൂണ്ടി രാത്രി കൊണ്ടാണ് ദിനാരംഭം കണക്കാക്കേണ്ടതെന്ന് വാദിക്കുന്നതും ശരിയല്ല. ലൈലത്തുൽ ഖദ്ർ എന്നത് രാത്രി സയമത്തിൽ മാത്രം പരിമിതമല്ല. അതൊരു പൂർണ്ണ ദിവസമായാണ് വിവക്ഷിക്കപ്പെട്ടിട്ടുള്ളത് എന്നു സൂക്ഷ്മ പഠനത്തിൽ മനസ്സിലാക്കാം. മഹാനായ ഇമാം സുഫിയാനുസ്സൗരി പറയുന്നു: “ഇമാം മുജാഹിദ് പറഞ്ഞത് എനിക്കു ലഭിച്ചിട്ടുണ്ട്. എന്തെന്നാൽ ലൈലത്തുൽ ഖദ്ർ ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമാണ്. അതിലെ പ്രവർത്തനങ്ങൾ, നോമ്പനുഷ്ഠാനം, രാത്രി നമസ്കാരം, എല്ലാം ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠം”(തഫ്സീർ ഇബ്നു ജറീർ, തഫ്സീർ ഇബ്നു കസീർ). ലൈലത്തുൽ ഖദർ രാത്രി മാത്രമേയുള്ളൂവെന്നു പരിമിതപ്പെടുത്തിയാൽ നോമ്പനുഷ്ഠാനം രാത്രിയിലും വേണമെന്നു വരും. ലൈലത്തുൽ ഖദ്റിന്റെ പകലിലെ സൂര്യ പ്രകാശ ജ്വാലക്ക് പൂർണചന്ദ്ര പ്രഭയുടെ ലാളിത്യ സൗന്ദര്യവും കാഠിന്യക്കുറവും ഉണ്ടാകുമെന്ന് നബി വചനങ്ങളിൽ കാണാം. ഇവ സൂചിപ്പിക്കുന്നത് ലൈലത്തുൽ ഖദ്ർ ഒറ്റയായി വരുന്ന ദിനത്തിലെ ഫജ്റിൽ ആരംഭിച്ച് പകലിലൂടെ കടന്നു നീങ്ങി രാത്രിയിൽ മൂർദ്ധന്യതയിലെത്തി ഫജ്റിൽ തന്നെ അവസാനിക്കുന്നതാണ് എന്നാണ്. ഭൂമി മുഴുവൻ ലൈലത്തുൽ ഖദ്ർ പ്രതിഭാസം അനുഭവിക്കപ്പെടണമെങ്കിൽ അങ്ങിനെ ആയിരിക്കണമെന്ന് ശാസ്ത്രീയമായും തെളിയിക്കാൻ കഴിയുന്നതാണ്. വിശുദ്ധ ഖുർആൻ അവതരണാരംഭം രാത്രിയിലായതിനാൽ ആ ദിവസത്തിനു ലൈലത്തുൽ ഖദ്ർ എന്നു പേർ സിദ്ധിച്ചു. അഥവാ, ഖുർആൻ അവതരണാരംഭം കുറിച്ച ദിവസത്തിന്റെ പേരാണ് ലൈലത്തുൽ ഖദ്ർ എന്ന്.





# ലൈലും ലൈലത്തും യൗമും

***അ**ൽ* ബഖറ 51-ാം വചനത്തിൽ وَإِذْ وَاعَدْنَا مُوسَىٰٓ أَرْبَعِينَ لَيْلَةً “മൂസ(അ)യോട് നാം 40 ദിവസങ്ങൾ വാഗ്ദാനം ചെയ്തപ്പോൾ” എന്നു പറഞ്ഞിടത്തും സൂറ: അൽ അഅ്റാഫ് 142-ാം വചനത്തിൽ

وَوَاعَدْنَا مُوسَىٰ ثَلَٰثِينَ لَيْلَةً وَأَتْمَمْنَٰهَا بِعَشْرٍ فَتَمَّ مِيقَٰتُ رَبِّهِۦٓ أَرْبَعِينَ لَيْلَةً

**“മുപ്പത് ദിനങ്ങൾ മൂസായോട് നാം കരാറാക്കി, പത്ത് കൂട്ടിച്ചേർത്തും അത് പിന്നീട് 40 ദിവസമായി അദ്ദേഹം തികച്ചെന്നും”** പറഞ്ഞിടത്ത് “ലൈലത്തൻ” എന്നാണു ദിവസമെന്നതിനു പ്രയോഗിച്ചത്.

രാവിൽ തുടക്കം കുറിക്കുന്ന ദിന കൃത്യങ്ങളെ തിരിച്ചറിയാൻ ദിവസത്തിന്റെ പര്യായപദമായി (مترادف) ലൈലത്തുൻ എന്നു അറബി ഭാഷയിൽ ഉപയോഗിക്കാറുണ്ട്. പകലിൽ തുടങ്ങുന്ന ദിന കൃത്യങ്ങളെ തിരിച്ചറിയാൻ യൗമുൻ എന്നും ഭാഷാ സാഹിത്യത്തിൽ പറയുക പതിവാണ്. നബി വചനങ്ങളിലും ഇത്തരം പ്രയോഗങ്ങൾ ധാരാളം കാണാം. അതി നൂതനമായ സാഹിത്യത്തിന്റെ പ്രൗഢിയിലാണല്ലോ വിശുദ്ധ ഖുർആനിന്റെ പ്രതിപാദ്യങ്ങളഖിലവും. ഇതാകട്ടെ അലങ്കാര ശാസ്ത്രത്തിന്റെ ഒരു വകുപ്പാണ്.(കൂടുതൽ വിശദീകരണത്തിനു സആലബിയുടെ ഫിഖ്ഹുല്ലുഗ: കാണുക). സൂറ: മറിയമിലെ 10-ാം വചനത്തിൽ

قَالَ ءَايَتُكَ أَلَّا تُكَلِّمَ ٱلنَّاسَ ثَلَٰثَ لَيَالٍ سَوِيًّا

**“മൂന്നു രാവുകൾ ജനങ്ങളുമായി താങ്കൾ സംസാരിക്കാതിരിക്കുകയാകുന്നു അതിന്റെ തെളിവ്”** എന്ന അല്ലാഹുവിന്റെ ആജ്ഞ മൂന്നു ദിവസങ്ങൾ എന്നർത്ഥത്തിലാണല്ലോ’. ഇവിടെ മൗനവ്രതം അദ്ദേഹം ആരംഭിച്ചത് രാത്രി മുതലായിരുന്നു എന്നും പല ഖുർആൻ വ്യാഖ്യാതാക്കളും വ്യക്തമാക്കിയിട്ടുമുണ്ട്. നാലാം ദിവസം പ്രഭാതത്തിൽ മൗനം അവസാനിപ്പിക്കുകയും ചെയ്തുവെന്നും അതുപോലെ

ഖുർആനിൽ ലൈലത്ത് എന്ന തിനോടൊപ്പം യൗമ് പറയുമ്പോൾ രാവിനേയും പകലിനേയും ഉദ്ദേശിച്ചായിരിക്കുമെന്നും കാണാം. സൂറ: അൽഹാഖ:യിൽ 7ാം വചനം سَخَّرَهَا عَلَيْهِمْ سَبْعَ لَيَالٍ وَثَمَانِيَةَ أَيَّامٍ حُسُومًا എന്നതിൽ **“ആദ് ഗോത്രത്തിനുമേൽ ഏഴു രാത്രികളും 8 പകലുകളും നിരന്തരമായി ഭീകര കൊടുങ്കാറ്റ് താണ്ഡവമാടി”** എന്ന് പറയുന്നിടത്ത് ലൈലിനെ രാത്രിയായും യൗമിനെ പകലായും അല്ലാഹു പ്രയോഗിച്ചു. അല്ലാഹുവിന്റെ ശിക്ഷയായി വന്ന ആ കൊടുങ്കാറ്റ് ആരംഭിച്ചത് ഒരു വെള്ളിയാഴ്ച പ്രഭാതത്തിലായിരുന്നുവെന്നും അതവസാനിച്ചത് പിറ്റെ വെള്ളിയാഴ്ച സന്ധ്യയിലായിരുന്നുവെന്നും ഖുർആൻ വ്യാഖ്യാതാക്കൾ വിശദീകരിക്കുന്നുണ്ട്. ഏഴു രാവുകളും എട്ടു പകലുകളും എന്നു അല്ലാഹു പറഞ്ഞപ്പോൾ അതിൽ നിന്ന് വ്യക്തമാകുന്നതും അതാണല്ലോ. എട്ടു ദിവസങ്ങൾ കൊടുങ്കാറ്റടിച്ചുവെന്നു ചുരുക്കിപ്പറയുന്നതിനു പകരം 7 രാവുകളും 8 പകലുകളും എന്നതിൽ നിന്ന് ദിനാരംഭം പകലുകൊണ്ടായിരിക്കുമെന്നതിലേക്ക് സൂചനയുണ്ടെന്ന് അൽപം ചിന്തിച്ചാൽ ഗ്രഹിക്കാവുന്നതാണ്.





# ദിവസം സൂര്യാസ്പദം

ചില ആളുകൾ ചോദിക്കുന്നു. ചന്ദ്രനെ സൂര്യാസ്തമന ശേഷം പടിഞ്ഞാറാണല്ലോ കാണുന്നത്. അതിനാൽ ദിവസവും മഗ്‌രിബിനാണ് തുടങ്ങുന്നത്.

വളരെ വലിയ ഒരു അബദ്ധ ധാരണയാണിത്. ചന്ദ്രൻ എല്ലായ്പ്പോഴും സൂര്യാസ്തമനസമയത്തല്ല കാണുന്നത്. ആദ്യ പാതിയിൽ പൗർണമി വരെ സൂര്യാസ്തമന സമയത്ത് കാണാമെങ്കിലും 15നു ശേഷം ഓരോ ദിവസവും ശരാശരി 48 മിനുട്ട് വീതം നേരം വൈകിയാണ് ചന്ദ്രൻ ഉദിക്കുന്നത്. ആദ്യ ആഴ്ച പടിഞ്ഞാറിൽ കാണുമെങ്കിലും 7 കഴിയുന്നതോടെ കിഴക്കാണ് ചന്ദ്രനെ കാണുക. അവസാനമാകുമ്പോൾ അർദ്ധരാത്രിയും അതു കഴിഞ്ഞുമാണ് ചന്ദ്രൻ ഉദിക്കുന്നത്. അതിനാൽ ദിനാരംഭം ഓരോ ദിവസവും മാറിക്കൊണ്ടിരിക്കുമോ? ചന്ദ്രക്കല പടിഞ്ഞാറു കാണുന്നത് മാനദണ്ഡമാക്കിയാൽ മാസത്തിലെ ആദ്യ 7 ദിവസം സൂര്യസ്തമന സമയം മുതൽ തുടങ്ങുന്നു എന്നു പറയാം. പിന്നെ അടുത്ത 7 ദിവസം ചന്ദ്രക്കല കിഴക്ക് കണ്ടാൽ എന്നു പുതിയ മാനദണ്ഡം വെയ്ക്കണം. 15 കഴിഞ്ഞാൽ ഓരോ ദിവസവും ദിനാരംഭം വൈകിക്കൊണ്ടിരിക്കുകയും ചെയ്യും. ഇതാണൊ ഇസ്‌ലാമിലെ ദിനാരംഭം. ഒരിക്കലുമല്ലല്ലോ. യഥാർത്ഥത്തിൽ ഒന്നാം തിയ്യതി പടിഞ്ഞാറ് ചന്ദ്രൻ അസ്തമിക്കുന്നതാണ് നാം കാണുന്നത്. ചന്ദ്രന്റെ അസ്തമനമാണ് ദിനാരംഭമെങ്കിൽ അത് ഓരോ ദിവസവും ശരാശരി 48 മിനുട്ട് വൈകിക്കൊണ്ടിരിക്കുകയും 7-ാം ദിവസം അർദ്ധരാത്രിയിലും 15 ാം ദിവസം സൂര്യോദയ സമയത്തുമായിരിക്കും. ഇത്രയും വിശദീകരിച്ചതിൽ നിന്നും മേൽപ്പറഞ്ഞ വാദത്തിന്റെ പൊള്ളത്തരം മനസ്സിലായിട്ടുണ്ടാവും. ചന്ദ്രൻ സൂര്യനെപ്പോലെ ഓരോ ദിവസവും നിശ്ചിതമായ ഉദയവും അസ്തമനവും അല്ലാത്തതുകൊണ്ട് തന്നെ ചന്ദ്രനെ ദിവസത്തിന്ന് മാനദണ്ഡമാക്കാൻ പാടില്ല.

ദിവസം സൂര്യനെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കുന്നത്. വി. ഖുർആനും ഹദീസുകളും ഇത് തന്നെ പഠിപ്പിക്കുന്നു. ശാസ്ത്രീയമായി പറഞ്ഞാൽ സൂര്യനെ ആസ്പദമായി ഭൂമി ഒരു പ്രാവശ്യം ഭ്രമണം ചെയ്യാനെടുക്കുന്ന സമയമാണ് ഒരു ദിവസം എന്നത്. നിഴൽ അളന്ന് നമസ്കാരം നിർവ്വഹിക്കാൻ നബി(സ) കൽപ്പിച്ചിട്ടുള്ളതും ഈ തത്വത്തെയാണ് പഠിപ്പിക്കുന്നത്. രാവും പകലും എന്ന വിവക്ഷയും ദിവസം

എന്നത് ഭൂമിയുടെ ഭ്രമണ സമയമാണെന്ന് വ്യക്തമാക്കിത്തരുന്നു. ഭൂമി ഒരു തവണ ഭ്രമണം ചെയ്യാനെടുക്കുന്ന സമയം (24 മണിക്കൂർ) ആണ് ഒരു ദിവസം. ഇത് കണക്കാക്കണമെങ്കിൽ ഭൂമിയിലെ ഏതെങ്കിലും ഒരു മേഖല ദിവസത്തുടക്കമായി അംഗീകരിക്കുകയും പ്രസ്തുത മേഖല സൂര്യനു നേരെ വരുമ്പോൾ എണ്ണിത്തുടങ്ങുകയും വേണം. വീണ്ടും പ്രസ്തുത മേഖല സൂര്യനു നേരെ എത്തുമ്പോൾ ഭൂമി ഒരു പ്രാവശ്യം കറങ്ങി എന്നു മനസ്സിലാക്കാം.

എന്നാൽ പ്രാദേശികമായി ദിവസം കണക്കാക്കുന്നത് മനുഷ്യന്റെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടാണ്. ഭൂമിയുടെ കേന്ദ്രമെന്നും അല്ലാഹു വിശേഷിപ്പിച്ച ഇസ്‌ലാമിന്റെ കേന്ദ്രമായ മക്കയാണ് ആയതിന്ന് അടിസ്ഥാനകേന്ദ്രം. ഭൂമിയുടെ ഒരു ദിവസം ആരംഭിക്കുമ്പോൾ മക്കയിൽ ഫജ്റിനോടടുത്ത സമയമാണെന്ന് കാണാം. മക്കയിൽ അവിടത്തെ പ്രാദേശിക ദിവസം തുടങ്ങുന്നത് പ്രസ്തുത സമയത്താണ്. ഭൂമിയിലെ ഓരോ സ്ഥലത്തും മേൽപറഞ്ഞ 'ഫജറിനു മുമ്പുള്ള സമയ' മാവുമ്പോൾ പ്രാദേശിക ദിവസം ആരംഭിക്കുന്നു. ഈ സമയത്തെ 'സഹർ' എന്നു വിളിക്കുന്നു. ഒരു ദിവസത്തെ നമസ്കാരം വിത്റ് ആക്കി അവസാനിപ്പിക്കുന്നതും രാത്രിയും പ്രഭാതവും വേർതിരിയുന്നതും പ്രസ്തുത സമയത്താണ്. "ബിലാലിന്റെ ബാങ്ക് രാത്രിയുടേതാണ്, ഇബ്നുമക്തൂമിന്റെ ബാങ്ക് പ്രഭാതത്തിന്റേതാണ്" എന്നു റസൂൽ(സ) വ്യക്തമാക്കിത്തന്ന ദിവസം വേർതിരിയുന്ന സമയമാണത്.

ഓരോ ദിവസവും കടന്നു പോകുമ്പോൾ തിയതികൾ തെറ്റാനിടയുണ്ട്. കലണ്ടറിൽ നോക്കി ദിവസ നിർണയം നടത്താൻ കഴിയില്ല. അതിനാൽ പ്രകൃതിയിൽ അല്ലാഹു(സു) ഒരു കലണ്ടർ വെച്ചിരിക്കുന്നു. അതാണ് ചന്ദ്രൻ. ഓരോ ദിവസവും ചന്ദ്രൻ ആ ദിവസത്തിന്റെ തിയതി കാണിക്കും. അതിന്റെ വലിപ്പം(അഹില്ല) സ്ഥാനം(മൻസിൽ) എന്നിവ അതാതു ദിവസത്തെ തിയതികൾ കാണിച്ചു തരുന്നു. ഒരാഴ്ച അബോധാവസ്ഥയിൽ കിടന്ന് എഴുന്നേറ്റ ഒരാൾക്ക് താൻ ഏതു തിയതിയിലാണ് ഇതെന്ന് അറിയാൻ കലണ്ടർ മാത്രം മതിയാവില്ല. എന്നാൽ ചന്ദ്രൻ മതി. ചന്ദ്രനെനോക്കി അയാൾക്ക് തിയതി മനസ്സിലാക്കാം. ഇതാണ് ചന്ദ്രക്കലകളെ കുറിച്ചു ചോദിച്ച ജനതയോട് അല്ലാഹു(സു) പറഞ്ഞത് "അത് നിങ്ങൾക്ക് തിയതികളാണ്" (2:189) എന്ന്. ചന്ദ്രന്റെ ദൗത്യം തിയതികൾ കാണിക്കലാണ്. കണ്ണു കൊണ്ട് കണ്ടു തന്നെ ഇത് നിർവ്വഹിക്കാം. ജ്യോമട്രിക്കൽ കാൽക്കുലേഷൻ വഴിയും അസ്ട്രോണമിക്കൽ കാൽക്കുലേഷൻ വഴിയും ഇത് സ്ഥിരീകരിക്കുകയും ചെയ്യാം. എല്ലാം അല്ലാഹുവിൽ നിന്നുള്ള അറിവ് തന്നെ.





# ഹജ്ജും ദിനാരംഭവും

"രാത്രി പകലിന്റെ മുന്നോടിയല്ല" എന്ന വി.കുർആൻ വചനത്തിന്റെയും (36:40), ഒരു ദിവസത്തിലെ ആദ്യ നമസ്കാരം പകലിന്റെ തുടക്കമായ സുബ്ഹ് നമസ്കാരം മുതലാണെന്നതിന്റെയും, റമളാൻ ഒന്നാം തിയ്യതി നോമ്പിന്റെ തുടക്കം ഫജ്ർ സമയം മുതലാണ് എന്നതിന്റെയും അടിസ്ഥാനങ്ങളിൽ ദിനാരംഭം ഇസ്‌ലാമികമായി കണക്കാക്കേണ്ടത് പ്രഭാതം മുതലാണെന്നു വിവരിക്കുകയുണ്ടായി.

ഇസ്‌ലാമിലെ സുപ്രധാന ആരാധനയായ ഹജ്ജിലെ എല്ലാ കർമ്മങ്ങളും നിശ്ചിത ദിനങ്ങളിലെല്ലാം ആരംഭിക്കേണ്ടതും പ്രഭാതം മുതലാണെന്നു കാണാം. ഹജ്ജ് ആരംഭിക്കുന്നത് ദുൽഹിജ്ജ മാസം 8-ാം തിയ്യതിയാണ്. ആ ദിവസത്തിനു 'യൗമുത്തർവിയ:' (ജലശേഖരണ നാൾ) എന്നാണു പറയുക. അന്നു പ്രഭാതത്തിനു ശേഷം കുളിച്ച്, ഇഹ്റാമിന്റെ വസ്ത്രങ്ങളണിഞ്ഞ്, തൽബിയത്ത് ചൊല്ലി, ഇഹ്റാം ചെയ്ത് മിനായിലേക്ക് പുറപ്പെടണം. അന്നത്തെ പകലിലെ ളുഹ്ർ, അസ്വർ, രാത്രിയിലെ മഗ്‌രിബ്, ഇശാഅ് നമസ്കാരങ്ങൾ അതാതു സമയങ്ങളിൽ-നാലുറക്അത്തുകളുള്ളവ ക്വസ്വർ ചെയ്ത്-നമസ്കരിച്ച്, മിനായിൽ അന്നു രാത്രി കഴിയണം.

പിറ്റെ ദിവസം ദിൽഹിജ്ജ ഒമ്പതാം തിയ്യതി-യൗമുഅറഫ-(അറഫാദിനം) പ്രഭാതത്തിൽ സുബ്ഹ് നമസ്കരിച്ച് സൂര്യോദയം നടന്ന ശേഷം തൽബിയത്ത് ചൊല്ലി അറഫയിലേക്ക് പുറപ്പെടണം. അറഫയിൽ ളുഹർ സമയമായാൽ ളുഹ്റും അസ്വറും -ജംഉം ഖസ്വറുമാക്കി-നമസ്കരിച്ച് സന്ധ്യവരെ (സൂര്യസ്തമനം പൂർത്തിയാകുന്നതു വരെ) അറഫയിൽ തന്നെ ആരാധനയിൽ കഴിച്ചു കൂട്ടണം. മതിയായ, മതപരമായ പ്രതിബന്ധങ്ങളാൽ അറഫാദിനത്തിലെ പകലിൽ അറഫയിലെത്തിച്ചേരാത്തവർക്കു അന്നു രാത്രിയെങ്കിലും അവിടെ എത്തിച്ചേർന്ന് കുറച്ചു സമയമെങ്കിലും കഴിച്ചു കൂട്ടിയാൽ അയാൾക്ക് അറ

ഫാ നിർത്തം കിട്ടുമെന്ന് പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ട്. ഇത് തലേ രാവിലല്ല. അറഫാദിന പകൽ പൂർത്തിയായ രാത്രിയാണല്ലോ. (ഹദീസ്, ഫിഖ്ഹ് ഗ്രന്ഥങ്ങൾ കാണുക).

ഹാജിമാർ അറഫാദിനത്തിലെ പകലിൽ ആരാധനയിൽ മുഴുകുന്നു. ലോകത്തിന്റെ ഏതു ഭാഗത്തും അതേ ദിവസത്തിന്റെ പകൽ വന്നു ചേരുമ്പോഴും അവിടങ്ങളിലെ മുസ്‌ലിംകളെല്ലാം അന്ന് അറഫാ നോമ്പ്-( صوم يوم عرفة എന്നാണ് നബി(സ)യുടെ പദപ്രയോഗം) അനുഷ്ഠിക്കുകയും വേണം. അല്ലാഹു ലോക മുസ്‌ലിംകളെ ഹജ്ജ് ദിനങ്ങളിൽ ഒന്നടങ്കം ഒരൊറ്റ മനസ്സുള്ളവരാക്കി ഐക്യത്തിന്റെ ശൃംഖലയിൽ കണ്ണിചേർക്കുക കൂടിയാണിതിലൂടെ എന്നത് വളരെ വ്യക്തമാണല്ലോ.

അറഫാദിനത്തിലെ സൂര്യാസ്തമന ശേഷം ഹാജിമാർ അന്നു രാത്രി മുസ്ദലിഫയിൽ എത്തി മഗ്‌രിബും ഇശാഉം നമസ്കരിച്ച് കിടന്നുറങ്ങണം, പിറ്റേ ദിവസം ദുൽഹിജ്ജ 10-ാം തിയ്യതി-യൗമുന്നഹ്ർ (ബലിദിനം)-പ്രഭാതത്തിൽ സുബ്ഹ് നമസ്കരിച്ച് സൂര്യോദയത്തിന്റെ അൽപം മുമ്പായി മിനായിലേക്ക് പുറപ്പെടുക. വഴിയിൽ നിന്നു 7 കല്ലുകൾ പെറുക്കി 'ജംറത്തുൽ അഖബ' യിൽ തക്ബീറുകൾ ചൊല്ലിക്കൊണ്ട് കല്ലേറ് കർമ്മം നിർവ്വഹിക്കണം. പിന്നീട് ഹാജിമാർ നിർബന്ധ ബലി കർമ്മം (ഹദ്‌യ/നഹ്ർ) നടത്തി മുടിവെട്ടി, തഹല്ലുലായി വസ്ത്രങ്ങൾ മാറി ,സാധാരണ വസ്ത്രങ്ങളണിഞ്ഞു മക്കയിലെത്തി 'ത്വവാഫുൽ ഇഫാള' നടത്തി തിരിച്ച് മിനായിലെത്തിച്ചേരണം. അന്നത്തെ ബലി ദിനരാത്രി-യൗമുന്നഹ്ർ-മിനായിൽ അന്തിയുറങ്ങുകയും വേണം.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ഹാജിമാരല്ലാത്ത മുസ്‌ലിംകളാവട്ടെ, യൗമുന്നഹറിലെ സൂര്യോദയത്തിനു ശേഷം അതതു പ്രദേശത്തെ ഈദു ഗാഹുകളിലേക്ക് തക്ബീർ ചൊല്ലിക്കൊണ്ടു പ്രവഹിക്കുകയും ഈദ് നമസ്കരിക്കുകയും ശേഷം തക്ബീറുകൾ ചൊല്ലി ബലികർമ്മം-ഉളുഹിയത്ത്-നടത്തുകയും പിന്നീട് സ്വഭവനങ്ങളിലേക്കും കുടുംബങ്ങളിലേക്കും ചെന്ന് പെരുന്നാൾ ആഘോഷിക്കുകയും ചെയ്യുന്നു. ഹാജിമാർ അവിടെ ചെയ്യുന്നതിനു ചില സമാന കർമ്മങ്ങൾ ഇവിടെ ഒരൊറ്റ ദിവസ വൃത്തത്തിൽ നിർവ്വഹിച്ചു കൊണ്ട് അത്യപൂർവ്വമായ ഐക്യത്തിന്റെ ഉൽകൃഷ്ട സ്വഭാവം ലോക മുസ്‌ലിംകൾ ഒന്നടങ്കം പ്രകടമാക്കുന്നു.

പിന്നീടുള്ള ദുൽഹിജ്ജ പതിനൊന്ന്, പന്ത്രണ്ട് തിയ്യതികളിലെ അയ്യാമുത്തശ്‌രീഖ്-പകലുകളിൽ മൂന്നു ജംറകളിലും കല്ലേറുകൾ നടത്തിയും അതതു ദിവസം രാത്രികളിൽ മിനായിൽ രാപ്പാർത്തും കഴി





യണം. തശ്‌രീഖിലെ അവസാന ദിവസമായ ദുൽഹിജ്ജ 13-ാം തിയ്യതി പകൽ കൂടി നിൽക്കാൻ ആഗ്രഹിക്കുന്നവർ അന്നും പകൽ കല്ലേറ് നടത്തി മക്കയിലേക്ക് തിരിച്ചു പോകാം. പ്രസ്തുത തിയ്യതികളിലായി ലോക മുസ്‌ലിംകളും ഈദാഘോഷിക്കുന്നു. ഇതാണ് ഹജ്ജ് കർമ്മത്തിന്റെയും ഈദുൽ അള്ഹാ (ബലിപെരുന്നാൾ) യുടെയും സംക്ഷിപ്ത രൂപം.

ഇവിടെ ഹജ്ജിന്റെ ആറ് ദിവസങ്ങളിലെയും (ഈദുൽ അള്ഹാ ദിനങ്ങളിലെയും) ആരാധനകൾക്കുള്ള സമയം ആരംഭിക്കേണ്ടത് പ്രഭാതം മുതൽ തന്നെയാകുന്നു. മുസ്‌ലിം ലോകത്ത് ഒരൊറ്റ ആൾക്കും ഇതിൽ അഭിപ്രായന്തരമില്ല. ഇതിൽ നിന്ന് വ്യക്തമാകുന്നത് ഇസ്‌ലാമികമായി ഒരു ദിവസത്തിന്റെ ആരംഭമായി കണക്കാക്കേണ്ടത് ആ ദിവസത്തിന്റെ പ്രഭാതം-ഫജ്ർ-മുതലാകുന്നു എന്നു തന്നെയാണ്. എന്നിട്ടും ചിലർ ധരിക്കുന്നത് ദിവസത്തിന്റെ തുടക്കം സന്ധ്യ മുതലാകുന്നുവെന്നാണ്!.

# രാവും സ്വഫായിൽ നിന്നുള്ള ആരംഭവും

വി. ഖുർആൻ സൂറ: അൽബഖറ 157-ാം വചന
ത്തിൽ إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِ എന്നു പറഞ്ഞതിനെ പ്രവാച
കൻ തെളിവാക്കി, ആദ്യം പറയപ്പെട്ട സ്വഫായിൽ നിന്ന് സഅയ് ആരം
ഭിച്ചതുപോലെ ഖുർആനിലെ അനേകം വചനങ്ങളിൽ هُوَ ٱلَّذِى خَلَقَ ٱلَّيْلَ وَٱلنَّهَارَ
എന്നു ലൈലിനെ- രാത്രിയെ- ആദ്യം പറഞ്ഞിരിക്കുന്നു. അതിനാൽ രാത്രിയാണ് ദിവസത്തിന്റെ തുടക്കം എന്നു ചിലർ വ്യാഖ്യാനിക്കുന്നു. ഇതു ശരിയാണോ?

**ഉത്തരം:** വലിയ അബദ്ധമാണീ പറയുന്നത്. മത കർമ്മ കാര്യ ങ്ങൾ ചെയ്യുന്നതിലെ വിഷയത്തിൽ അല്ലാഹുവിന്റെ വചനത്തെ നബി(സ) തെളിവാക്കി പ്രവർത്തിച്ചപോലെ എല്ലാറ്റിനും അത് ഉദാഹ രിക്കാൻ പ്രമാണ പിന്തുണയില്ലാതെ നമുക്ക് പാടില്ല. നിയമ നിതാന ശാസ്ത്രജ്ഞന്മാരുടെ (ഉസൂലി പണ്ഡിതന്മാർ) 'ഖിയാസി' ന്റെ യാതൊരു നിബന്ധനകളും ٱلَّيْلَ وَٱلنَّهَارَ എന്ന പ്രയോഗത്തിനു ബാധ കമാക്കാൻ കഴിയില്ല. ഖിയാസ് ശരിയാകണമെങ്കിൽ ഹുകുമും ഇല്ലത്തും ശർത്തും ദലീലുമെല്ലാം ഒത്തുവരണം. രാപ്പകലുകൾ എന്ന പ്രയോഗത്തിലേത് ഭാഷയിലെ അലങ്കാര ശാസ്ത്രവുമായി ബന്ധപ്പെ ട്ടതാണ്. അത് നേരത്തെ നാം വിവരിച്ചു കഴിഞ്ഞു.





يَـٰمَرْيَمُ ٱقْنُتِى لِرَبِّكِ وَٱسْجُدِى وَٱرْكَعِى مَعَ ٱلرَّٰكِعِينَ

**"മറിയമിനോട് അല്ലാഹു കൽപിച്ചു. ഓ മറിയം, നീ നിന്റെ നാഥ നോട് ഭക്തി കാണിക്കൂ. സുജൂദും റുകൂഉം ചെയ്യുന്നവരോടൊന്നിച്ച് അത് നിർവ്വഹിക്കൂ"(3:43).** ഈ സൂക്തത്തിൽ സുജൂദ് ആദ്യം പ്രതി പാദിച്ചതിനാൽ റുകൂഇനേക്കാൾ മുൻപ് സുജൂദ് ചെയ്യണമെന്ന് വാദി ക്കുന്നതുപോലെ ബാലിശമാണീ വാദവും. മാത്രമല്ല'അല്ലൈലു വന്ന ഹാർ' എന്ന് എല്ലായിടത്തും അല്ലാഹു പറഞ്ഞതിനാൽ രാത്രിയാണ് ദിനാരംഭമായി കണക്കാക്കേണ്ടതെന്നു പ്രവാചകൻ പറഞ്ഞിട്ടുമില്ല. സങ്കൽപിച്ചു വിധിയുണ്ടാക്കി പറയുന്നതിലർത്ഥമില്ല.

വി. ഖുർആൻ സൂറ: അൽ അൻആം 83 മുതൽ 88വരെയുള്ള വച നങ്ങളിൽ പ്രവാചകൻമാരിലെ 18 ആളുകളുടെ പേരുകൾ വഴിക്കുവഴി പറയുന്നുണ്ട്. അതിൽ ഈസാ നബി(അ)ക്കു ശേഷം ഇൽയാസി നേയും ഇസ്മാഈലിനേയും ലൂത്തിനേയും പറയുന്നു. അവരുടെ ജീവി തകാല ഗണനാക്രമത്തെ തെറ്റിച്ചാണ് പറഞ്ഞിട്ടുള്ളത്. ഇതു ചൂണ്ടി ക്കാട്ടി ലൂത്ത് നബി ഈസാനബിക്കുശേഷമുള്ള പ്രവാചകനാണെന്ന് പറയാൻ പറ്റുമോ? ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ഇല്ല. മാത്രമല്ല وَلَا ٱلَّيْلُ سَابِقُ ٱلنَّهَارِ **'രാത്രി പകലിന്റെ മുന്നോടിയല്ല'** എന്ന വ്യക്തമായ ഖുർആന്റെ പ്രസ്താവനക്ക് വിരുദ്ധവുമാണ്. വ്യാഖ്യാന ത്തിന്റെ പിന്തുണയില്ലാതെത്തന്നെ ബോധ്യമാകുന്ന യാഥാർത്ഥ്യത്തി നെതിരിൽ വാദിക്കുന്നത് ശരിയല്ല.

# വിവിധ കർമ്മങ്ങളും ദിനാരംഭവും

**"രാത്രി പകലിന്റെ മുന്നോടിയല്ല"** എന്ന ഖുർആൻ വചനം. ഒരു ദിനത്തിലെ ആദ്യനമസ്കാരം പകലിന്റെ തുടക്കത്തിലെ സുബ്ഹ് മുതൽ. റമസാൻ ഒന്നാം തിയ്യതി നോമ്പിന്റെ തുടക്കം ഫജ്ർ മുതൽ. ഹജ്ജിലെ എല്ലാ കർമ്മങ്ങളും ഓരോ ദിനത്തിലും ആരംഭിക്കുന്നത് പ്രഭാതം മുതൽ. ഈ അടിസ്ഥാനങ്ങളിൽ ഇസ്ലാമികമായി ദിനാരംഭം കണക്കാക്കേണ്ടത് പ്രഭാതം മുതലായിരിക്കണമെന്നു നാം കണ്ടുകഴിഞ്ഞു.

നമസ്കാരം,നോമ്പ്,ഹജ്ജ് എന്നിവ ദിനാരംഭത്തിൽ തുടങ്ങുന്നതു പോലെത്തന്നെ മറ്റനേകം കർമ്മങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ദിനാരംഭമായി കണക്കാക്കേണ്ടത് പകലിന്റെ തുടക്കമായ ഫജ്ർ മുതൽ തന്നെയാണ്. ഒരാളുടെ നിർബന്ധ ദാനമായ സകാത്തിന്റെ തുടക്ക ദിവസം കുറിക്കുന്നതിനും വർഷം തികയുന്ന ദിനം കണക്കാക്കേണ്ടതും ചന്ദ്രമാസത്തിലെ തിയ്യതികൾക്കനുസരിച്ച് ദിവസത്തിന്റെ ഫജ്ർ മുതൽ ഫജ്ർ വരെയുള്ള വൃത്തത്തെയാണ്. ഒരാളുടെ ജനന തിയ്യതിയുടെ ദിവസം, സ്ത്രീകളുടെ ഇദ്ദ ദിവസം എണ്ണിവരേണ്ടത്, സ്വത്തുക്കൾ ഓഹരി വെക്കുമ്പോൾ, മരിച്ചയാളുടെ മരണ സമയത്തെ അതാതു ദിവസത്തിലേക്കു കണക്കാക്കുമ്പോൾ, പ്രായശ്ചിത്തങ്ങൾ (കഫ്ഫാറത്ത്) നൽകുന്നതിന്റെ ദിവസ നിർണ്ണയങ്ങൾ, യാത്രക്കാരുടെ നമസ്കാര ദിവസങ്ങൾ എണ്ണൽ, ഖുഫ്ഫയിൽ തടവേണ്ട ദിനങ്ങൾ നിർണ്ണയിക്കേണ്ടത്, തുടങ്ങിയവകൾക്കെല്ലാം ദിനവൃത്ത നിർണ്ണയം ദിവസത്തുടക്കമായ ഫജ്ർ മുതൽ തന്നെയായിരിക്കണം. ഇവ സംബന്ധമായി വന്ന എല്ലാ നബി വചനങ്ങളും പ്രവാചക ചര്യകളും സുക്ഷ്മ പരിശോധന നടത്തിയാൽ ഇക്കാര്യം ബോധ്യമാകുന്നതാണ്.





# ഇണയും തുണയും

***വി*** .ഖുർആൻ 21 ഇടങ്ങളിൽ രാപ്പകലുകൾ (അല്ലൈലു വന്നഹാർ) ഇണകളെയെന്നോണമാണ് ചിത്രീകരിക്കുന്നത്. രാത്രിയെ ശാന്തി, സമാധാനം, അഭയം, വസ്ത്രം, വിശ്രമവേള എന്നിത്യാദി ആലങ്കാരികതയാൽ ഒരു ഇണയായും; പകലിനെ വ്യക്തത, വെളിച്ചം, ഉപജീവനാവസരം, സഞ്ചാരവേള എന്നിങ്ങനെ ആലങ്കാരികമായി തുണയായും വിവക്ഷിക്കുന്നു. സ്ത്രീയെപ്പോലെ ഇണയായ രാത്രിയെ തുണക്കുന്ന, ശക്തനായ പുരുഷനെപ്പോലെ പകലിനെയും വിവക്ഷിക്കുന്നു. ഒന്നിനു പുറമെ മറ്റൊന്ന് എന്ന ക്രമത്തിൽ ഗോളാകൃത ഭൂമിയെന്നു വ്യക്തമാക്കാനെന്നോണം രാത്രിയെ പകലിലേക്കും പകലിനെ രാത്രിയിലേക്കും പ്രവേശിപ്പിക്കുന്നുവെന്നും ഖുർആൻ (3:27, 22:61, 31:29, 35:13, 57:6 എന്നീ വചനങ്ങൾ) നമ്മെ ബോധ്യപ്പെടുത്തുന്നു.

പകലിന്റെ അടയാളമായി സൂര്യനെയും രാത്രിയുടെ അടയാളമായി ചന്ദ്രനെയും വിശദീകരിക്കുന്നിടങ്ങളിലെല്ലാം വി.ഖുർആൻ 15 സ്ഥലങ്ങളിലും "അശ്ശംസു വൽഖമർ" സൂര്യനും-ചന്ദ്രനും എന്ന് സൂര്യനെ ആദ്യം പറഞ്ഞു കൊണ്ടിരിക്കുന്നു. ചന്ദ്രനെ പിന്നെയും. പകലാണ് ദിനാരംഭമെന്ന് ഇവിടെയും വ്യക്തമാവുകയാണ്. നേരത്തെ വിശദീകരിച്ച രാവും പകലും-അല്ലൈലു വന്നഹാർ-എന്നതിലെ മുൻ പിൻ ഗണന ഭാഷാലങ്കാര പ്രയോഗമാണ്. എന്നാൽ സൂര്യനും ചന്ദ്രനും-അശ്ശംസു വൽ ഖമർ- എന്നത് പ്രകൃതി നിയമത്തിലെ മുൻ പിൻ ഗണനയുടെ കൃത്യമായ വ്യവസ്ഥയെ അറിയിക്കുകയും ചെയ്യുന്നു.

# പകലിന്റെ ഉറയായ രാത്രി

ഒരിടത്തു മാത്രം വി.ക്വുർആൻ പറയുന്നു.

وَءَايَةٌ لَّهُمُ ٱلَّيْلُ نَسْلَخُ مِنْهُ ٱلنَّهَارَ فَإِذَا هُم مُّظْلِمُونَ ﴿٣٧﴾

**"രാത്രി അവർക്കൊരു ദൃഷ്ടാന്തമാണ്. അതിൽ നിന്ന് പകലിനെ നാം ഊരിയെടുക്കുകയാകുന്നു. അപ്പോഴാണവർ ഇരുട്ടിൽ അകപ്പെടുന്നത്" (36:37).**

ഉറയിൽ നിന്ന് വാൾ ഊരിയെടുക്കുന്നപോലെ രാത്രിയിൽ നിന്ന് പകലിനെ ഊരിയെടുക്കുമ്പോൾ പകലിനാണിവിടെ അല്ലാഹു കൂടുതൽ പ്രാധാന്യം നൽകുന്നതെന്നു മനസ്സിലാക്കാമല്ലോ. പകലാകുന്ന വാളിന്റെ രക്ഷക്കാണ് ഉറയാകുന്ന രാത്രി. അതീവ സുന്ദരമായ ഭാഷാലങ്കാരവും ഈ പ്രയോഗത്തിലുണ്ട്. സമയത്തിന്റെ ഒരു നിശ്ചിത മാത്രയെ പകലാക്കിത്തീർക്കുന്നത് സൂര്യന്റെ നിറഞ്ഞ സാന്നിദ്ധ്യമാണ്. ആ സൂര്യപ്രകാശം ഇല്ലാതാകുമ്പോൾ രാത്രി എന്ന പ്രതിഭാസം ഉണ്ടാകുന്നു. ഇരുട്ട് പകലിന്റെ കടക്കാരനായി മാറുന്നു. കടം നൽകുന്നവൻ സൂര്യനും.





# രാത്രി വിശ്രമവേള

സൂര്യ വെളിച്ചമുള്ള ജാജ്വല്യമാനമായ പകലിലാണ് ജീവിത സന്ധാരണ അവസരമായി ക്വുർആൻ നിർദ്ദേശിക്കുന്നത്.

وَجَعَلْنَا ٱلنَّهَارَ مَعَاشًا ﴿١١﴾

**"പകലിനെ നാം ജീവ സമ്പാദന വേളയാക്കിയിരിക്കുന്നു. (78:11).**

വെളിച്ചവും കാഴ്ചയും ധൈര്യവും സൗകര്യവും പകൽ വേളയിൽ ലഭ്യമായതിനാൽ അദ്ധ്വാനിക്കാനും ജീവിത ഉപാധികൾ കണ്ടെത്താനും പകലിനെ സജീവമാക്കി.

وَجَعَلْنَا ٱلَّيْلَ وَٱلنَّهَارَ ءَايَتَيْنِ ۖ فَمَحَوْنَآ ءَايَةَ ٱلَّيْلِ وَجَعَلْنَآ ءَايَةَ ٱلنَّهَارِ مُبْصِرَةً لِّتَبْتَغُوا۟ فَضْلًا مِّن رَّبِّكُمْ

**"രാപ്പകലുകളെ നാം രണ്ട് ദൃഷ്ടാന്തങ്ങളാക്കി. രാവിനെ മങ്ങിയതായും പകലിനെ പ്രകാശോജ്വലവുമാക്കി. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള അനുഗ്രഹം ആ പകലിൽ തേടി നടക്കാൻ" (17:12).**

ഉറക്കം കഴിഞ്ഞ് തെളിഞ്ഞ മനസ്സും ഉണർവുള്ള ശരീരവും പ്രതീക്ഷാ നിർഭരമായ ആഗ്രഹാഭിലാഷങ്ങളോടെ ഉപജീവനോപാധികൾ കണ്ടെത്തി, പകലിന്റെ അന്ത്യത്തിൽ ക്ഷീണിച്ചവശനായി വരുമ്പോൾ വിശ്രമിക്കാനും ആശ്വാസം കൊള്ളാനും പകലിന്റെ പിന്നാലെ രാത്രി വരികയായി.

وَجَعَلْنَا نَوْمَكُمْ سُبَاتًا ﴿٩﴾ وَجَعَلْنَا ٱلَّيْلَ لِبَاسًا ﴿١٠﴾

**"നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമാവസരമാക്കി. രാത്രിയെ നാം വസ്ത്ര സമാനമാക്കി"** (വി.ക്വു.78:9,10).

രാത്രിയുടെ ഇരുട്ടിൽ ശാന്തതയും സ്വകാര്യതയും മറയും ഒത്തിണങ്ങിയാൽ പകലിലെ മുഴു ക്ലേശങ്ങളും പ്രയാസങ്ങളും ക്ഷീണവുമെല്ലാം ഇല്ലാതായി. ഉറങ്ങിത്തെളിഞ്ഞ് പുതിയൊരു ദിവസത്തിലേക്ക് ഉണർന്നെണീറ്റു. ശരീരത്തിനു സുഖവും മനസ്സിനു ആശ്വാസവും മസ്തിഷ്കത്തിനു വിശ്രമാവസരത്തിലെ പുനർ നിർമ്മാണ പ്രക്രിയകളും പൂർത്തിയാക്കി. പുതിയ മനുഷ്യനായി പുതു ദിനത്തിലേക്കും പുതിയൊരു തിയ്യതിയിലേക്കും പുനർ ജനിച്ചു. വി.ക്വുർആനിലെ ഇമ്മാതിരി അനേക വചനങ്ങളിലൂടെ ഒരു ദിവസത്തിന്റെ ആരംഭമായി പകലിനെ സംവിധാനിച്ചിരിക്കുന്നുവെന്നത് സുവ്യക്തമായിത്തീരുന്നു.





# പൊട്ടിവിടരുന്ന പ്രഭാതം

വീണ്ടും അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക.

فَالِقُ ٱلْإِصْبَاحِ وَجَعَلَ ٱلَّيْلَ سَكَنًا وَٱلشَّمْسَ وَٱلْقَمَرَ حُسْبَانًا ۚ
ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ﴿٩٦﴾

**"പ്രഭാതത്തെ പിളർത്തിക്കൊണ്ടു വരുന്നവനാണ് അല്ലാഹു. രാത്രിയെ അവൻ ശാന്തമായ വിശ്രമാവസരമാക്കിയിരിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അതിസൂക്ഷ്മ കണക്കിനനുസൃതമാക്കി നിശ്ചയിച്ചിരിക്കുന്നു. പ്രതാപിയും സർവ്വജ്ഞനുമായ അല്ലാഹുവിന്റെ വ്യവസ്ഥയാണത് "(വി.ക്വു. 6:96).**

പ്രതീക്ഷാ നിർഭരമായ ഒരു പുതിയ ദിവസത്തിന്റെ സർവ്വ പുതുമകളോടെയും പ്രഭാതത്തെ അല്ലാഹു പൊട്ടി വിടർത്തി പിളർത്തിക്കൊണ്ടു വരുന്നു. ആ ദിനത്തിന്റെ പകലിലെ സുപ്രധാന വേളകൾ കഴിഞ്ഞാൽ രാത്രി കടന്നു വരുന്നു. ശാന്തമായ വിശ്രമ വേളയായി. ഈ വശ്യമായ വാചക പ്രയോഗത്തിൽ നിന്ന് ദിനാരംഭം പ്രഭാതത്തിന്റെ പൊട്ടി വിടരലോടെ ആകുന്നുവെന്ന് വ്യക്തമാകുന്നു.

ശുദ്ധ പ്രകൃതിയോടുള്ള ഏതൊരു തെളിഞ്ഞ ബുദ്ധിക്കും മേൽ പറഞ്ഞതിൽ നിന്ന് യാഥാർത്ഥ്യം ബോധ്യമാകും. പ്രകൃതിയും ഇതു തന്നെ വിളിച്ചോതുന്നു. ലോകമാസകലം ദിവസത്തുടക്കം പകലായി മനുഷ്യരടക്കമുള്ള എല്ലാ ജീവ ജാലങ്ങളും മനസ്സാ വാചാ കർമ്മണാ അംഗീകരിക്കുന്നതായി മനസ്സിലാകുന്നു. വന്യമൃഗങ്ങളിൽ ചിലതും മറ്റു ചുരുക്കം ചില ജീവികളുമൊഴികെ ഭൂമിയിലെ ഭൂരിഭാഗം ജീവ ജാലങ്ങളും സജീവരാകുന്നതും ഉണർന്നു പ്രവർത്തിക്കുന്നതും-സസ്യലതാതികൾ വരെ-ജീവിത വിഭവം തേടുന്നതും അദ്ധ്വാനിക്കുന്നതുമെല്ലാം പകലിന്റെ വെളിച്ചത്തിലാണ്. ഇവയെല്ലാം അടങ്ങുന്നതും

ശാന്തതയടയുന്നതും വിശ്രമിക്കുന്നതും അടുത്ത പുലരിയെ കാത്തു കിടന്നുറങ്ങുന്നതും പകലിനു ശേഷമുള്ള രാത്രിയുടെ നിലീനമായ ശാന്തതയിലും ഇരുട്ടിലും തണുപ്പിലുമാകുന്നു. രാത്രി തീരുമ്പോൾ നങ്ങളുടെ അമൂല്യ ദിനങ്ങളിലൊന്നു തീരുകയും മറ്റൊരു ദിനം വന്നു ചേരുകയും ചെയ്യുന്നു. പ്രകൃതിയിലെ ഏവർക്കും മനസ്സിലാകുന്ന ഈ മഹത്തായ ദൃഷ്ടാന്തവും അല്ലാഹു വിശദമാക്കിത്തരുന്ന സുവ്യക്ത തെളിവുകളും വേണ്ട വിധം മനസ്സിലാക്കാതെ, ചിന്തിക്കാതെ, ചിലർ പറയുന്നു. ദിവസത്തിന്റെ തുടക്കം രാത്രി മുതൽ കണക്കാക്കണമെന്ന്!

قُلْ أَعُوذُ بِرَبِّ ٱلْفَلَقِ

**"പറയൂ: പുലരിയുടെ നാഥനോട് ഞാൻ രക്ഷ തേടുന്നു" (113:1 ).**





# പ്രഭാത, സന്ധ്യാ പ്രാർത്ഥനകളിൽ

പ്രകൃതിയുടെ വിളംബരം തെളിയിക്കുന്നത് ദിനാരംഭം കണക്കാക്കേണ്ടത് പ്രഭാതം മുതൽ തന്നെയാകുന്നുവെന്ന് നാം വിശദീകരിച്ചു. നബി(സ)യുടെ ദിനചര്യകളിൽ സുപ്രധാനമാണല്ലോ പ്രാർത്ഥനകൾ. അവിടുന്നു പ്രഭാതത്തിൽ പ്രാർത്ഥിക്കാറുണ്ടായിരുന്ന വചനങ്ങൾ നിരവധിയായിരുന്നു. അതിലെ പ്രയോഗങ്ങൾ ശ്രദ്ധിക്കുക. നാം പറയുന്നത് വ്യക്തമായി ബോധ്യപ്പെടും. **"ഞങ്ങളെ പ്രഭാതത്തിലേക്ക് നീയാണ് ആക്കിയത്. പ്രദോഷത്തിലേക്കാക്കുന്നവനും നീ തന്നെ. നീ ജീവിപ്പിക്കുന്നു. മരിപ്പിക്കുന്നു. നിന്നിലേക്കു തന്നെ തിരിച്ചെത്തുന്നതും."**

പ്രഭാതത്തിൽ നബി(സ)യുടെ മറ്റൊരു പ്രാർത്ഥന കാണുക.

أصبحنا وأصبح الملك لله رب العالمين. اللهم إني أسألك خير هذا اليوم فتحه

ونصره ونوره وبركته وهدى واعوذبك من شر ما فيه وشر ما بعده

**"ഞങ്ങൾക്ക് പ്രഭാതം വന്നുചേർന്നു. ചരാചരങ്ങളുടെ രക്ഷകനായ അല്ലാഹുവിനാണ് സർവ്വാധികാരങ്ങളും. അല്ലാഹുവേ, ഈ ദിവസത്തിലെ എല്ലാ നൻമകളും ഞാനർത്ഥിക്കുന്നു. വിജയവും നേട്ടവും പ്രകാശവും അനുഗ്രഹവും സൻമാർഗ്ഗവുമെല്ലാം. വരാനിരിക്കുന്ന എല്ലാ തിന്മകളിൽ നിന്നും രക്ഷയും തേടുന്നു."**

പ്രഭാതത്തിൽ ഉറക്കിൽ നിന്നുണർന്നാൽ അവിടുന്ന് പ്രാർത്ഥിച്ചത് ഇപ്രകാരമായിരുന്നു:

الحمدلله الذى أحيانا بعد ماأماتنا وإليه النشور (البخارى).

**"ഉറക്കമാകുന്ന മരണശേഷം ഞങ്ങളെ ജീവിപ്പിച്ച നാഥാ നിനക്കത്രെ സർവ്വ സ്തുതികളും. നിന്നിലേക്കാണ് അന്തിമമായ തിരിച്ചുവരവ്".**

ഇവിടെയെല്ലാം പ്രാർത്ഥന തുടങ്ങുന്നത് പ്രഭാതത്തെ ആദ്യം അനുസ്മരിച്ചുകൊണ്ടാണ്. പ്രദോഷത്തെക്കുറിച്ച് പിന്നീടും. വിശുദ്ധഖുർആൻ അല്ലാഹുവിനെ പ്രാർത്ഥിക്കുവാനും വാഴ്ത്താനും നിർദ്ദേശിക്കുന്നിടത്തെല്ലാം **'രാവിലെയും വൈകുന്നേരവും' 'പ്രഭാതത്തിലും പ്രദോഷത്തിലും'** എന്ന് بكرة وأصيلا (ബുക്റത്തൻ വഅസ്വീലൻ/ഗുദാത്തി വൽഅശിയ്യി) (വി.ഖു: 19:11, 62, 25:5, 33:42, 48:9, 76:25 എന്നീ വചനങ്ങളിലെല്ലാം) പറയുന്നു. പകലിനെ ആദ്യമായും വൈകുന്നേരത്തെ-രാത്രിയെ -പിന്നീടായും പറയുന്നതായി മനസ്സിലാക്കാം. പകലിലെ അദ്ധ്വാന ജീവിത ശേഷം രാത്രിയിലെ ഉറക്ക മരണം സംഭവിക്കുന്നു. ദിവസം അവസാനിച്ചാൽ പുതിയ ദിനത്തിലേക്ക് പുതു ജീവനുമായി ഉണർന്നുയരുന്നു. അതിമനോഹരമാണീ പ്രവാചക വചനത്തിലെ ഉപമാ സങ്കൽപം. സാക്ഷാൽ മരണവും ജീവിത ശേഷമാണ്. ഇഹലോകത്തിനു ശേഷം പരലോകമെന്നപോൽ. പകലിനു ശേഷം രാത്രി. പകലിൽ ജീവിതം. രാത്രിയിൽ മരണം! ജീവിതമാണാദ്യം. മരണം പിന്നീട്. അതിനാൽ പകലാദ്യം. പിന്നീട് രാത്രിയും.

നബി(സ) പറഞ്ഞു. ഏതൊരു ദൈവ ദാസനും എല്ലാ ദിവസത്തിലെ പ്രഭാതത്തിലും വൈകുന്നേരങ്ങളിലും മൂന്നു തവണ

بسم الله الذى لا يضر مع اسمه شيئ فى الأرض ولا فى السّماء وهو السميع العليم

**"ഭൂമിയിലും ആകാശത്തിലുമുള്ള എന്താപത്തുകളും ദൈവനാമത്തോടൊപ്പം ഉപദ്രവകരമായിത്തീരില്ല. അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" എന്നു പ്രാർത്ഥിച്ചാൽ ഒരുപദ്രവവും അവനെ ബാധിക്കില്ല. (അബൂദാവൂദ്).**

ഇവിടെയും പ്രഭാതത്തെ ആദ്യമായി ഉദ്ധരിച്ചു. ദിനാന്ത്യത്തിനുമുമ്പ് രാത്രിയിൽ ഉറങ്ങാനൊരുങ്ങുമ്പോഴും പ്രവാചകൻ പ്രാർത്ഥിക്കാറുള്ളതും ഇതേ ശൈലിയിൽ തന്നെയായിരുന്നു. നബി(സ) പറഞ്ഞു. നിങ്ങളിലൊരാൾ ഉറങ്ങാനൊരുങ്ങിയാൽ വിരിപ്പ് തട്ടിക്കുടയുക. അതിനിടയിൽ ഉള്ളതെന്തെന്ന് നിങ്ങൾക്കറിയില്ലല്ലോ. എന്നിട്ടിപ്രകാരം പ്രാർത്ഥിക്കുക.

با سمك ربى وضعت جنبى وبك أرفعه ان أمسكت نفسى

فارحمها وإن أرسلتها فاحفظها بما تحفظ به عبادك الصالحين



ദിനാരംഭം എപ്പോൾ ? കോയക്കുട്ടി ഫാറൂഖി

**നാഥാ, നിന്റെ നാമത്തിലാണ് ഞാൻ കിടക്കുന്നതും എഴുന്നേൽക്കുന്നതും. എന്റെ ആത്മാവിനെ നീ പിടിച്ചുവെക്കുന്നുവെങ്കിൽ അതിനോട് കരുണ കാണിക്കണേ. അതല്ല തിരിച്ചയക്കുന്നുവെങ്കിൽ സജ്ജനങ്ങളിൽ പെടുത്തി സംരക്ഷിക്കണേ"** (ബുഖാരി, മുസ്ലിം). ഒരു ദിവസത്തിലെ അന്ത്യ പ്രാർത്ഥനയാണിത്. ആ ദിവസമവസാനിച്ചു. വരുന്ന നാളിലേക്ക് പ്രതീക്ഷവളർത്തുന്ന പ്രാർത്ഥന.

മറ്റൊരു പ്രാർത്ഥന പ്രവാചകൻ പഠിപ്പിച്ച ശേഷം ബർറാഇബ്നു ആസിബിനോട് പറഞ്ഞു:

**واجعلهن آخر ما تقول "ഈ പ്രാർത്ഥനാ വചനങ്ങളാകട്ടെ നിന്റെ വാക്കുകളിൽ അവസാനത്തേത്" (ബുഖാരി, മുസ്ലിം).**

ദിവസത്തിന്റെ അവസാനത്തിലേക്ക് ഉറക്കോടെ പ്രവേശിക്കുന്നു. ഉറക്കം കഴിഞ്ഞാൽ പുതു ദിനം ആരംഭിച്ചു. ഒരാളുടെ ദിനാന്ത്യത്തിലെ അവസാനവാക്കുകൾ ദൈവസ്മരണയിലും കീർത്തനത്തിലും അവസാനിപ്പിക്കുക. അതുപോലെ ഉണർന്നയുടനെയും ദൈവസ്ത്രോത്രം ഉണ്ടാകണമെന്ന് നേരത്തെ വിവരിച്ചു. ദിനാരംഭം എപ്പോഴാണ് നിർണ്ണയിക്കേണ്ടത് എന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ.

# രാത്രികണ്ട സ്വപ്നം

പ്രവാചകൻ മിക്ക ദിനങ്ങളിലും പ്രഭാതശേഷം തന്റെ സഹാക്കളിൽ പലരോടും ചോദിക്കുക പതിവായിരുന്നു. 'താങ്കൾ ഇന്നലെ രാത്രി (ലൈലത്ത അംസ്) സ്വപ്നം കണ്ടിരുന്നോ? എങ്കിൽ പറയുക". പലപ്പോഴും പ്രവാചകൻ പറയും; "ഞാൻ ഇന്നലെ രാത്രി (അൽബാരിഹ) സ്വപ്നം കണ്ടു". രാത്രിയിൽ പിടിച്ച കള്ളനെക്കുറിച്ച് പ്രവാചകൻ പിറ്റെ പ്രഭാതത്തിൽ അബൂഹുറയിറയോട് ചോദിച്ചു; ഓ അബൂഹുറൈയ്റാ, താങ്കളുടെ ഇന്നലെ രാത്രിയിലെ ബന്ധനസ്ഥനെ എന്തു ചെയ്തു'?. ഇപ്രകാരം അനേകം കാര്യങ്ങളിൽ പ്രവാചകന്റെ അന്വേഷണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്നലെ രാത്രിയിൽ താങ്കളുടെ അതിഥിക്കെന്തു സംഭവിച്ചു?. 'ഇന്നലെ രാത്രിയിൽ താങ്കളുടെ ഭാര്യ എന്തു പറഞ്ഞു'?. ഇന്നലെ രാത്രിയിൽ ശബ്ദം കേട്ടുവോ? എന്നിങ്ങനെ നിരവധി വചനങ്ങളിൽ 'ഇന്നലെ രാത്രി' എന്നു പ്രയോഗിച്ചു കാണാം. നബി(സ) പകലിൽ ചോദിക്കുമ്പോൾ ഇന്നലെ രാത്രി എന്നു പറഞ്ഞാൽ അതിന്റെ ഉദ്ദേശ്യം വ്യക്തമാണല്ലോ. രാത്രി ഇന്നലത്തേതാണ്. ഇന്നത്തേത് വരുന്നേയുള്ളൂ. ഇതിൽ നിന്നും വ്യക്തമാകുന്നത് വിശുദ്ധ ക്വുർആൻ പറഞ്ഞ "രാത്രി പകലിന്റെ മുന്നോടിയല്ല" എന്ന യാഥാർത്ഥ്യം തന്നെയാണ്. ദിവസത്തിന്റെ തുടക്കമായി പ്രഭാതം മുതലുള്ള പകലിനെയാണ് കണക്കാക്കേണ്ടത്. ഇതു തന്നെയാണ് ദിവസത്തിന്റെ ആരംഭമായി ഇസ്ലാം പരിചയപ്പെടുത്തിയിട്ടുള്ളത് എന്നു വ്യക്തം. ഇതിനു വിരുദ്ധമായി മനസ്സിലാക്കപ്പെട്ടത് ഭീമാബദ്ധവും.

◉





# നാളത്തെ നോമ്പ്

റമളാൻ ഒന്നാം തിയ്യതിയിലെ ഒന്നാമത്തെ നോമ്പാരംഭിക്കുന്നതലേ മുന്നൊരുക്ക രാവിൽ നിയ്യത്ത് (നോമ്പുകാരനാകുവാൻ കരുതുന്നു എന്ന മനസ്സുറപ്പിക്കൽ) പറയുന്ന സമ്പ്രദായം മുസ്ലിംകളിലുണ്ടല്ലോ. അപ്പോൾ പറയുന്നത് 'സൗമ ഗദിൻ' നാളത്തെ നോമ്പ് എന്നാണ്. (ഇങ്ങനെ പറയുന്നതിൽ പ്രാമാണിക രേഖകളൊന്നുമില്ല. നിയ്യത്ത് രാത്രിയിലുണ്ടാകണമെന്നേ നബി(സ) പറഞ്ഞിട്ടുള്ളൂ. നിയ്യത്ത് നാവുകൊണ്ടുച്ചരിക്കുക എന്നത് ഹജ്ജിനും ഉംറക്കും ഇഹ്റാം ചെയ്യുമ്പോൾ മാത്രമെ ആവശ്യമുള്ളൂ എന്നാണ് നബിവചനങ്ങളിൽ വ്യക്തമാകുന്നത്. നമസ്കാരത്തിനോ നോമ്പിനോ സകാത്തിനോ മറ്റാരാധനകൾക്കോ നിയ്യത്ത്-മനക്കരുത്ത്-നാവുകൊണ്ട് പറയുന്നതിൽ പ്രമാണങ്ങളില്ല.) ഇതൊരു സാമ്പ്രദായിക പൈതൃകമാണ്. ഇവിടെ നാളത്തെ നോമ്പ് എന്ന പ്രയോഗം ഈ രാവിന് അടുത്ത പകലുമായി ബന്ധമില്ല. പകലുകൊണ്ടാണ് ദിനാരംഭം എന്ന് പൂർവ്വികർ മനസ്സിലാക്കിയിരുന്നുവെന്ന് നമുക്ക് കരുതാമല്ലോ. ഇപ്പറഞ്ഞതൊരു നാട്ടാചാരത്തിൽ നിന്നുള്ള തെളിവ് മാത്രമായി വായനക്കാർ കാണുക. അവലംബാർഹമായ ഒരു പ്രമാണമല്ലെങ്കിലും നമ്മുടെ നാട്ടിൽ ആചരിച്ചുവരുന്ന സമ്പ്രദായത്തിനും അതിന്റേതായ പ്രധാന്യമുണ്ടല്ലോ.

**"ഫജ്റിനു മുമ്പ് നോമ്പ് തീരുമാനിക്കാത്തവന് നോമ്പില്ല"** എന്ന നബിവചനം(അഹ്മദ്, നസാഈ, തുർമുദി, അബൂദാവൂദ്, ഇബ്നുമാജ) ഉദ്ധരിച്ച് ചില നവോത്ഥാന പണ്ഡിതൻമാർ പോലും 'ദിനാരംഭം രാത്രി മുതലാണ് കണക്കാക്കേണ്ടത്' എന്ന് വാദിക്കുന്നു.

ആ നബി വചനം ദുർബലമായ പരമ്പരയിൽ ഉദ്ധരിക്കപ്പെട്ടതാണ്. യാഥാസ്ഥിതിക പണ്ഡിതൻമാരും നവോത്ഥാന പണ്ഡിതന്മാരും അനേകം വിഷയങ്ങളിൽ വഴിമാറി ഭിന്നിച്ചുപോകുന്നതു തന്നെ ദുർബല

ഹദീസുകൾ പ്രമാണമാക്കുന്ന വിഷയത്തിലെ അന്തരം കൊണ്ടാണ് എന്നതു സുവിദിതമാണ്. എന്നിട്ടും തർക്കിക്കാനായി ഈ ദുർബല നബിവചനത്തെ ദുരുപയോഗപ്പെടുത്തുന്നത് ശരിയല്ല.

എനി ഈ നബി വചനം പ്രാമാണികമാണെങ്കിൽ തന്നെ, 'നാളെ പകൽ നോമ്പുകാരനാകണമെന്നത്' നോമ്പാരംഭിക്കുന്ന സമയമായ ഫജ്റിന് മുമ്പാകണം എന്നല്ലേ വരുന്നുള്ളൂ. അല്ലാതെ ദിനാരംഭം സന്ധ്യ മുതലാണെന്നതിനു ഇതു പ്രമാണമാക്കുന്നത് വക്രബുദ്ധിയാണെന്നാണു മനസ്സിലാകുന്നത്.

◉





# ഇഅ്തികാഫിന്റെ ആരംഭം

ആരാധനയുടെ ഭാഗമായി പള്ളിയിൽ ഭജനമിരിക്കലി (ഇഅ്തികാഫ്) ന് നബി(സ) തുടക്കം കുറിച്ചതും അവസാനിപ്പിക്കാറും പ്രഭാതത്തിലായിരുന്നുവെന്ന് അനേക റിപ്പോർട്ടുകൾ കാണാം. ഒരിക്കൽ വിശുദ്ധ റമളാനിലെ അർദ്ധ പത്തിൽ ഇഅ്തികാഫിലിരുന്ന പ്രവാചകൻ അതവസാനിപ്പിച്ചത് ഇരുപതാം ദിവസം പ്രഭാതത്തിലായിരുന്നു. (ബുഖാരി. ഹ. നമ്പർ 2016 കാണുക). ശവ്വാൽ മാസത്തിലും റമളാനിലും പ്രവാചകൻ ഇഅ്തികാഫിൽ പ്രവേശിച്ചത് പ്രഭാത നമസ്കാരാനന്തരം ആയിരുന്നുവെന്ന് ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു (ഫത്ഹുൽ ബാരി 5/45).

ഈ ഹദീസ്, ദിവസത്തിന്റെ തുടക്കത്തിലാണ് ഇഅ്തികാഫ് ആരംഭിക്കേണ്ടത് എന്നതിന് വ്യക്തമായ തെളിവാകുന്നു. രാത്രിയിൽ മാത്രം ഇഅ്തികാഫിരിക്കുവാൻ ഉദ്ദേശിച്ചവൻ മഗ്രിബിന് തൊട്ട് മുമ്പ് ആരംഭിക്കുകയും പ്രഭാതോദയത്തിന് ശേഷം വിരമിക്കുകയും ചെയ്യുകയാണ് വേണ്ടതെന്ന് എല്ലാ കർമശാസ്ത്രജ്ഞന്മാരും വ്യക്തമാക്കിയിട്ടുണ്ട്. പകലുളിൽ മാത്രം ഉദ്ദേശിക്കുന്നവർ പ്രഭാതോദയത്തോടെ പ്രവേശിക്കുകയും സൂര്യാസ്തമന ശേഷം വിരമിക്കുകയും ചെയ്യണം. റമളാനിലെ അവസാനത്തിൽ ഇഅ്തികാഫിരുന്ന പ്രവാചകൻ ശവ്വാൽ ഒന്നിന് ഈദ് നമസ്കരിച്ച ശേഷമാണ് വീട്ടിൽ പ്രവേശിച്ചതെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് ദിനത്തിന്റെ തുടക്കവും ഒടുക്കവും ഫജ്റിൽ തന്നെയാണ് എന്നതാണ്.

◉

# ധാരണ വന്ന വഴി

മത വിഭാഗങ്ങളിൽ ക്രൈസ്തവരും ജൂതരും അഥീനിയക്കാരും ദിനാരംഭം കണക്കാക്കി വരുന്നത് സന്ധ്യ മുതലായിരുന്നു. ലോക ജനതയിൽ അവരുടെ സ്വാധീനത്താൽ പല വിഷയങ്ങളിലും അവരെ പിന്തുടരുന്ന പ്രവണത മുസ്‌ലിംകളിലേക്ക് കടന്നു വന്നതാണെന്നാണ് മനസ്സിലാവുന്നത്. ചിന്താശൂന്യതയും അന്ധമായ അനുകരണവും മുസ്‌ലിം പണ്ഡിതരിൽ പോലും കടന്നു വന്ന ഹിജ്റ അഞ്ചാം നൂറ്റാണ്ടു മുതലാണ് ഇങ്ങിനെയൊരു ധാരണ മുസ്‌ലിംകളിലെത്തിയിട്ടുള്ളത്. ചരിത്രപരമായി ഇക്കാര്യം തെളിയിക്കാൻ കഴിയുന്നതാണ്. തെറ്റായ ഈ ധാരണ ചിന്തിക്കാതെയും ശാസ്ത്രീമായി മനസ്സിലാക്കാതെയും പലരും അന്ധമായി അനുകരിക്കുകയാണ്. ഈ ചെറു കൃതിയിൽ ഇതിനെകുറിച്ച് പഠിക്കാനും ചിന്തിക്കാനുമായി മേൽകാര്യങ്ങൾ പറഞ്ഞു. പണ്ഡിതന്മാരും ചിന്തകന്മാരും ചരിത്രകാരന്മാരും ഇത് പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന ലക്ഷ്യത്തോടെ.

◉

**Hijra Committee of India**
7/858 B, AWH Building, SM Street, Kozhikode 673 001
Kerala, India. Tel: 0495 2724007
www.hijracalendar.com, www.geocities.com/hijramooncalendar.
email: hijraindia@rediffmail.com



രാത്രിയിൽ നിന്നാണ് ദിനാരംഭം എന്നതിന്ന് എപ്പോഴും ഉന്നയിക്കാറുള്ള എല്ലാ വാദഗതികളും അദ്ദേഹം പരിശോധിക്കുകയും അവയെല്ലാം തന്നെ ക്വുർആനിന്റെയും ഹദീസിന്റെയും മാത്രമല്ല, യുക്തിയുടെയും സാമാന്യ ബോധത്തിന്റെയും അടിസ്ഥാനത്തിൽ ഖണ്ഡിച്ചുകൊണ്ട് പ്രഭാതം മുതലാണ് ദിനാരംഭം കുറിക്കുന്നതെന്ന തന്റെ വീക്ഷണം ശക്തിയായി അവതരിപ്പിക്കുകയും ചെയ്യുന്നു. പകലിനെ ജീവിതായോധനത്തിനുള്ള വേളയായും രാത്രിയെ വിശ്രമവേളയായും ക്വുർആൻ വിശേഷിപ്പിക്കുന്നതും ഒരുദിവസത്തിലെ നമസ്കാരത്തിന്റെ ആരംഭം സുബ്ഹിയാണെന്നതും മറ്റു പ്രധാന ആരാധനകളെല്ലാം പ്രഭാതത്തോടു കൂടിയാണ് തുടങ്ങുന്നതെന്നും ഈ വിഷയത്തിലേക്ക് വെളിച്ചം വീശുന്ന വസ്തുതകളാണെന്ന അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോട് യോജിക്കാതിരിക്കാൻ നിഷ്പക്ഷമതികൾക്ക് കഴിയുകയില്ല.

ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ

# ദിനാരംഭം എപ്പോൾ ?

ഡോ. കോയക്കുട്ടി ഫാറൂഖി



Hijra Committee of India
... Building, SM Street Kozhikode 673 001, Kerala, India.
Tel: 0495 2724007